കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഏറാമല ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P3/423/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 08/03/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏറാമല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P3/423/22 തീയ്യതി: 08/03/2022

## കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-02-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എം. വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്) | 22-02-2022 | 02-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-02-2022 | 02-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സതീഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. എം.കരുണാകരൻ ഓഡിറ്റ് ഓഫീസർ
ശ്രീ.ജയൻ.പി, സീ.ഗ്രേ.ഓഡിറ്റർ
ശ്രീ.ഷിബിൻ.കെ.എസ്, ഓഡിറ്റർ
ശ്രീ. വിജേഷ്.കെ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എം.കെ ഭാസ്കരൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| പി.സുരേഷ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഷിജിത്ത് | അസി. എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| സിന്ധു.പി.ജെ | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| പ്രീത.എൻ വിജയൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| അഞ്ജന രാജേന്ദ്രൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ഷൈനി എം നമ്പീശൻ | മെഡിക്കൽ ഓഫീസർ, വെറ്റിനറി | 01-04-2019 | 31-03-2020 |
| ഡോ.രാജീവ്.ജി നായർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-05-2019 |
| ഡോ.സജിന | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-06-2019 | 31-03-2020 |
| ഡോ.ഉസ്മാൻ.പി.കെ | മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | 01-04-2019 | 31-03-2020 |
| അനീഷ്. | വി.ഇ.ഓ | 01-04-2019 | 31-03-2020 |
| പ്രത്യുഷ രാജ് | വി.ഇ.ഓ | 01-04-2019 | 31-03-2020 |
| ഡോസുശാന്ത് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ശ്രീജിത്ത് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

..

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 05-03-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Vijesh K.K (Auditor, On 27-02-2022)<br>Last Updated By: Vasudevan M (Deputy Director, On 05-03-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 03-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Vijesh K.K (Auditor, On 27-02-2022)<br>Last Updated By: Vasudevan M (Deputy Director, On 05-03-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ.<br>Written By: Vijesh K.K (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 05-03-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: M.Karunakaran (Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 05-03-2022) | 1-5 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Vijesh K.K (Auditor, On 28-02-2022)<br>Last Updated By: Vasudevan M (Deputy Director, On 05-03-2022) | 1-6 |
| 8 | വിവിധ ക്ഷേമപെൻഷൻ അപേക്ഷകളിൽ തീരുമാനം കൈകൊള്ളുന്നതിൽ കാലതാമസവും രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകതകളും.<br>Written By: M.Karunakaran (Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 05-03-2022) | 1-6-1 |
| 9 | ക്യാഷ് പരിശോധന<br>Written By: Vijesh K.K (Auditor, On 03-03-2022)<br>Last Updated By: Vasudevan M (Deputy Director, On 05-03-2022) | 1-7 |
| 10 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: M.Karunakaran (Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 05-03-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം.<br>Written By: M.Karunakaran (Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-9 |
| 12 | മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് നടപടികളില്ല.<br>Written By: M.Karunakaran (Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-10 |
| 13 | 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയത് - സംബന്ധിച്ച്<br>Written By: Shibin K S (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-11 |
| 14 | കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ച - നികുതി നഷ്ടം സംഭവിക്കുന്നു<br>Written By: Shibin K S (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-12 |
| 15 | ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകതകൾ<br>Written By: Shibin K S (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-13 |

| | | |
|---|---|---|
| 16 | തൊഴിൽ നികുതി-അപാകതകൾ<br>Written By: Shibin K S (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-14 |
| 17 | പഞ്ചായത്ത് മത്സ്യ മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിലുള്ള അപാകതൾ<br>Written By: Shibin K S (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-15 |
| 18 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു<br>Written By: Shibin K S (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-16 |
| 19 | ലഭ്യത പരിഗണിക്കാതെ പ്രൊജക്ടുകൾക്ക് തനത് ഫണ്ട് വകയിരുത്തി ചെലവഴിക്കുന്നു.<br>Written By: M.Karunakaran (Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-17 |
| 20 | സംയുക്ത പ്രൊജക്ടുകൾക്കായുള്ള ട്രഷറി എകൗണ്ടിൽ ഭീമമായ തുക നീക്കിയിരിപ്പ്- ചെലവഴിക്കാൻ നടപടികളോ, തുക തിരിച്ചടവാക്കുകയോ ചെയ്യുന്നില്ല.<br>Written By: M.Karunakaran (Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-18 |
| 21 | മുൻക്കുറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു<br>Written By: Sathish Kumar K (Audit Officer (HG), On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-19 |
| 22 | മുൻകാല ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല<br>Written By: Sathish Kumar K (Audit Officer (HG), On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-20 |
| 23 | അങ്കണവാടികൾ പെയിന്റ് ചെയ്ത് ചിത്രങ്ങൾ വരക്കൽ- ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും അപാകതകൾ<br>Written By: Vijesh K.K (Auditor, On 03-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-21 |
| 24 | പത്രപരസ്യം അനുവദനീയമായ ഡിസ്കൗണ്ട് പ്രയോജനപ്പെടുത്തിയില്ല.<br>Written By: Sathish Kumar K (Audit Officer (HG), On 03-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-22 |
| 25 | സൂര്യറാന്തൽ വിതരണം GST ഇനത്തിൽ അധിക തുക നൽകി<br>Written By: Sathish Kumar K (Audit Officer (HG), On 03-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-23 |
| 26 | പഞ്ചായത്ത് പ്രദേശത്തെ അപകടാവസ്ഥയിലായ മരം മുറിച്ചത് - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.<br>Written By: Sathish Kumar K (Audit Officer (HG), On 03-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-24 |
| 27 | ഹരിതസഹായ സ്ഥാപനത്തിന് തുക നൽകൽ-I.R.T.C. ലഭ്യമാക്കിയ സേവനങ്ങൾ സംബന്ധിച്ച വിവരം ലഭ്യമാക്കിയില്ല.<br>Written By: M.Karunakaran (Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-25 |
| 28 | കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകതകൾ -<br>Written By: M.Karunakaran (Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-26 |
| 29 | കാർഷിക മേഖലയിൽ യഥാസമയം പ്രൊജക്ടുകൾ നടപ്പിലാക്കാത്തതുമൂലം ചെലവുതുക പാഴാവുന്നു.<br>Written By: M.Karunakaran (Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-27 |

| | | |
|---|---|---|
| 30 | ബഡ്സ് സ്കൂൾകെട്ടിടത്തിന് വാടകനൽകൽ- സ്വന്തം കെട്ടിട നിർമ്മാണത്തിന് നടപടിയായില്ല.<br>Written By: M.Karunakaran (Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-28 |
| 31 | പഞ്ചായത്ത് ഓഫീസിന് വാഹനം വാങ്ങൽ- യഥാസമയം നടപടിൾ കൈകൊള്ളുന്നതിലെ വീഴ്ച മൂലം സ്ഥാപനത്തിന് വാഹനമില്ലാത്ത അവസ്ഥ സംജാതമായി.<br>Written By: M.Karunakaran (Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-29 |
| 32 | സെക്രട്ടറി മുഖേന വിവിധ ഏജൻസികൾക്ക് കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.<br>Written By: M.Karunakaran (Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-30 |
| 33 | വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കി മാറ്റുന്നതിന് ലഭിച്ച തുക വിനിയോഗിച്ചില്ല<br>Written By: Jayan P (Senior Grade Auditor, On 04-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-31 |
| 34 | ലക്ഷങ്ങൾ മുടക്കി നിർമ്മിച്ച ജൈവ-അജൈവ മാലിന്യ സംസ്കരണ പ്ലാന്റ് ലക്ഷ്യം കണ്ടില്ല-കാര്യക്ഷമമായ പ്രവർത്തനം അനിവാര്യം<br>Written By: Jayan P (Senior Grade Auditor, On 04-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-32 |
| 35 | അഗതിരഹിത കേരളം പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല<br>Written By: Jayan P (Senior Grade Auditor, On 04-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-33 |
| 36 | ഒന്നാം ഗഡു ലഭിച്ച് നാല് വർഷത്തോളമായിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല-കൃത്യമായ മോണിറ്ററിംഗ് ഇല്ല<br>Written By: Jayan P (Senior Grade Auditor, On 04-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-34 |
| 37 | വീട് വാസയോഗ്യമാക്കൽ പദ്ധതി(പട്ടിക ജാതി)-യിൽ ഒന്നാം ഗഡു നൽകിയ ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു നൽകിയത് രണ്ട് വർഷം കഴിഞ്ഞ്<br>Written By: Jayan P (Senior Grade Auditor, On 04-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-35 |
| 38 | പൊതുമരാമത്ത് പ്രവർത്തി രൂപീകരണ-നിർവ്വഹണഘട്ടങ്ങളിലെ പൊതു അപാകതകൾ<br>Written By: Jayan P (Senior Grade Auditor, On 04-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-36 |
| 39 | പനയത്ത് തോട് നവീകരണം -തോട് സംരക്ഷണത്തിന് നടപടികൾ ഇല്ലാത്തതിനാൽ ചെലവ് തുക പാഴ്ചെലവായി മാറി<br>Written By: Jayan P (Senior Grade Auditor, On 04-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-37 |
| 40 | തനത് ഫണ്ട് വകയിരുത്തി അംഗീകാരം നേടിയ പ്രൊജക്ടുകളിൽ തനത് ഫണ്ടിനു പകരം മറ്റ് ഫണ്ടുകൾ ചെലവഴിക്കുന്നു. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം<br>Written By: Jayan P (Senior Grade Auditor, On 04-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-38 |
| 41 | അടിയന്തിര പ്രാധാന്യമുള്ള പദ്ധതികൾ-വർഷങ്ങൾ കഴിഞ്ഞിട്ടും ടെണ്ടർ നടപടികൾ പോലും പൂർത്തിയായില്ല.<br>Written By: Jayan P (Senior Grade Auditor, On 04-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-39 |

| | | |
|---|---|---|
| 42 | കരാറിലേർപ്പെട്ട് വർഷങ്ങളായിട്ടും പ്രവർത്തി തുടങ്ങാത്തതിന് നടപടിയെടുത്തില്ല<br>Written By: Jayan P (Senior Grade Auditor, On 04-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-40 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കി മാറ്റുന്നതിന് ലഭിച്ച തുക വിനിയോഗിച്ചില്ല<br>Written By: Jayan P (Senior Grade Auditor, On 04-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Vijesh K.K (Auditor, On 28-02-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Vijesh K.K (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Vijesh K.K (Auditor, On 28-02-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Vijesh K.K (Auditor, On 28-02-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 4-4 |
| 5 | വായ്പ, വായ്പ തിരിച്ചടവ്.<br>Written By: Vijesh K.K (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Vijesh K.K (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Vijesh K.K (Auditor, On 28-02-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shibin K S (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shibin K S (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sathish Kumar K (Audit Officer (HG), On 04-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shibin K S (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 20.2.19- ൽ കൂടിയ ഭരണസമിതിയുടെ അജണ്ട1 തീരുമാനം 2/1/19 നമ്പർ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ചബജറ്റ് 25.3.2020ലെ1(1) നമ്പർ പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1994ലെ കേരളപഞ്ചായത്ത് രാജ്നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പ് പ്രകാരമുള്ള വികസനപദ്ധതി ചെലവുൾപ്പെടെ അടുത്തവർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യംചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം . വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഇത്തരത്തിൽ ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചുകാണുന്നില്ല.മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കിസമർപ്പിച്ചതായി ബന്ധപ്പെട്ട് സ്റ്റാന്റിംഗ് കമ്മറ്റി മിനട്സുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദമായ ബജറ്റ് നിർദ്ദേശങ്ങളടങ്ങിയ ഫയൽ പരിശോധനക്ക് ലഭ്യമായിട്ടില്ല.ലഭ്യമായ ഫയലിൽ നിർവഹണ ഉദ്യോഗസ്ഥരുടെ നോൺ പ്ലാൻ ചെലവുകൾ മാത്രമെ ഉൾപ്പെടുന്നുള്ളൂ. ഭരണസമിതി അംഗീകരിച്ചുനൽകിയ ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും പഞ്ചായത്തിന്റെ യഥാർത്ഥ വരവുചെലവുകളും തമ്മിൽ വൻ അന്തരം കാണുന്നു. . 20.2.19ൽ ഭരണ സമിതി അംഗീകരിച്ച ബജറ്റ് പ്രകാരം,സാമ്പത്തിക വർഷത്തെ വരവ് മുന്നിരിപ്പുൾപ്പെടെ 221388381 രൂപ രേഖപ്പെടുത്തിയപ്പോൾ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് 96831494രൂപ മാത്രമാണ് ചെലവ് ബജറ്റ് പ്രകാരം216312039 രൂപയും യഥാർത്ഥ ചെലവ് 72201250 രൂപയുമാണ് . പഞ്ചായത്തിന്റെ പ്രധാന നികുതി വരവുകളിൽ തന്നെ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവും സ്ഥാപനത്തിന്റെ യഥാർത്ഥ വരവും തമ്മിൽ നല്ല വ്യത്യാസം കാണുന്നു. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് | യഥാർത്ഥ വരവ് |
|---|---|---|
| വസ്തു നികുതി | 6000000 | 4306144 |
| തൊഴിൽ നികുതി | 2600000 | 1663860 |
| ഡി&ഒ ലൈസൻസ് | 1691000 | 688164 |

ചെലവിനങ്ങളിൽ ബജറ്റ് പ്രകാരം ഓപ്പറേഷൻ&മെയിന്റനൻസ് വിഭാഗത്തിൽ പ്രതീക്ഷിത ചെലവ് 2010000രൂപ വകയിരുത്തിയപ്പോൾ ഈ ഇനത്തിൽ യഥാർത്ഥചെലവ് 2569302 രൂപയാണ്. ഇങ്ങനെ പലമേഖലകളിലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവും യഥാർത്ഥചെലവും തമ്മിൽ നല്ല വ്യത്യാസം നിലനിൽകുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ ആയത് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാനുള്ള ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടിയിരിക്കുന്നു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 30-07-2020 | 03-06-2020 |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2019-20വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. എ.സി.ആർ പ്രകാരം മെയിന്റനൻസ് ഗ്രാന്റ് റോഡ് ചെലവ് 2019-20ൽ 6212970/-രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ ഈ ഇനത്തിൽ 5720170/- രൂപയാണ് ചെലവായി കാണുന്നത്.

2. വാർഷിക കണക്കിലെ ഇൻകം & എക്സ്പെന്റീച്ചർ അകൗണ്ട് പ്രകാരം പ്രൊഫഷണൽ ടാക്സ് ഇൻസ്റ്റിറ്റ്യൂഷൻ/ട്രേഡേഴ്സ് ഡിമാന്റ് എന്നത് 480390/-രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ഡിമാന്റായും കലക്ഷനായും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് 464090/-രൂപയാണ്.

3. തൊഴിൽ നികുതിയിലും , വസ്തുനികുതിയിലും, ലൈസൻസ് ഫീയിലും, വാടകയിനത്തിലും തൻ വർഷം കുടിശ്ശികയുണ്ട്. എന്നാൽ തൻ വർഷ കുടിശ്ശിക തുകയ്ക്ക് ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഇതിന് പ്രൊവിഷൻ വച്ചിട്ടില്ല.

4.ബി-4സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത പ്രോജക്ടുകൾക്കുള്ള ട്രഷറി അക്കൗണ്ടിൽ വലിയ തുക നീക്കിയിരിപ്പുണ്ടായിട്ടും ഇത് ചെലവഴിക്കാൻ നടപടികളോ തുക തിരിച്ചടവാക്കുകയോ ചെയ്തിട്ടില്ല.

5. ബാലൻസ് ഷീറ്റ് B-17പ്രകാരം ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ നീക്കിയിരിപ്പ് Rs.3264124/- രൂപയുണ്ട്. എന്നാൽ ബാങ്ക് റീക്കൺസിലിയേഷൻ റിപ്പോർട്ടിൽ ബാങ്ക് ബുക്ക് ബാലൻസായി കാണിച്ചിരിക്കുന്നത് 2104124/-രൂപയാണ്.

6.ആസ്തികൾക്ക് ഇൻകം & എക്സ്പെന്റീച്ചർ അക്കൗണ്ടിൽ തൻ വർഷത്തേക്കുള്ള ഡിപ്രീസിയേഷൻ കാണക്കാക്കിയതിന് വർക്ക് ഷീറ്റ് വച്ചിട്ടില്ല. 2018-19ൽ നൽകിയ തുക തന്നെ 2019-20ലും നൽകി.

| ഇനം | 2018-19 | 2019-20 |
|---|---|---|
| Sewarage & Drainage | 187118 | 187118 |
| Waterways | 29472 | 29472 |
| Public Lighting | 216462 | 216462 |
| Plant & Machinery | 138153 | 138153 |
| Vehicle | 82856 | 82856 |

7.ലോൺ രജിസ്റ്റർ, എ.സി.ആർ, ഡി&ഒ ലൈസൻസ് രജിസ്റ്റർ, കമ്മ്യൂണിറ്റി ഹാൾ വാടക രജിസ്റ്റർ, വസ്തു നികുതി ഡി.സി.ബി സ്റ്റേറ്റ്മെന്റ്, എല്ലാ ദിവസങ്ങളിലെയും ഡേ ബുക്കുകൾ എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറി ച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

9. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്, അടിസ്ഥാന അനുപാതങ്ങൾ,പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിൽ ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28439627.53 |
| വരവ് | 68391867.00 |
| ആകെ | 96831494.53 |
| ചെലവ് | 72201250.00 |
| നീക്കിയിരിപ്പ് | 24630244.53 |

## 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ.

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ 2019-20 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1. ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി),ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം.ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 52837913 | 15076042 |
| വികസനഫണ്ട് (എസ്.സി.പി) | 3509500 | 2434500 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 14274830 | 12842830 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 7056000 | 5056000 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 20429830 | 19229830 |

2. വികസനഫണ്ട്(ജനറൽ), വികസനഫണ്ട്(എസ്.സി.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. വികസന ഫണ്ട്(എസ്.സി.പി) ഇനത്തിൽ എ.സി. ആർ പ്രകാരമുള്ള ചെലവ് ഗ്രാന്റ് സ്റ്റേമെന്റിൽ രേഖപ്പെടുത്തിയ ചെലവിനെക്കാളും 14,706/- രൂപ കുറവ് കാണുന്നു
4. I.K.M.ഗ്രാന്റ് സ്റ്റേമെന്റ് പ്രകാരം C.S.S., ഇനത്തിലും,S.S.S. ഇനത്തിവും വരവ് രേഖപ്പെടുത്തിയിട്ടില്ല.

എന്നാൽ C.S.S., ഇനത്തിൽ പൂരക പോഷകാഹാരപദ്ധതിക്ക് 16,35,870 രൂപ തൻവർഷം വരവുവന്നിട്ടുണ്ട്.അതേപോലെ S.S.S ഇനത്തിൽ ലൈഫ് ഭവനപദ്ധതിക്ക് വരവ് വന്ന 32,30,000 രൂപയും ഗ്രാന്റ് സ്റ്റേമെന്റിൽ ഉൾപ്പെട്ടിട്ടില്ല. ഇതിൽ C.S.S. അലോക്കേഷൻ തുക സുലേഖ സ്റ്റേമെന്റിലുള്ളതും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും തമ്മിൽ പോരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്കുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്കുകൾ | നടപ്പിലാക്കിയ പ്രൊജക്കുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്കുകൾ |
|---|---|---|---|
| 188 | 98 | 6 | 84 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 188 പ്രൊജക്കുകൾക്കാണ് സാമ്പത്തികവർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ കേവലം 104പ്രൊജക്കുകൾക്ക് മാത്രമെ സാമ്പത്തികവർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളു. വിവിധ പ്രൊജക്കുകൾക്കായി 119635744 രൂപ വകയിരുത്തിയതിൽ കേവലം 47912017 രൂപ മാത്രമെ പ്രൊജക്കുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളു. യഥാസമയം പ്രൊജക്കുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്നകാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട്/മെയിന്റെനന്സ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണമായി വിനിയോഗിക്കാൻ കഴിയാതെ നല്ലൊരുതുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട് മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവ് വന്ന തുക | ലാപ്സായ തുക |
|---|---|---|---|
| C.F.C.ഗ്രാന്റ് | 10769655 | 6092198 | 4677457 |
| മെയിന്റെനൻസ് ഗ്രാന്റ് നോൺ റോഡ് | 4249000 | 1768931 | 2480069 |
| മെയിന്റെനന്സ് ഗ്രാന്റ്റോഡ് | 16102000 | 6212970 | 9889030 |
| വികസന ഫണ്ട് ജനറൽ | 12125771 | 9744073 | 2381698 |

| | | | |
|---|---|---|---|
| വികസന ഫണ്ട് -SCP | 2038588 | 1182916 | 855672 |
| ആകെ - | 45285014 | 25001088 | 20283926 |

സാമ്പത്തിക വർഷത്തിൽ മേൽ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 45285014 രൂപയിൽ 25001088 രൂപ വിനിയോഗിക്കാൻ മാത്രമെ പഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളൂ. പഞ്ചായത്തിൽ നിന്നും ലഭ്യമായ കണക്ക പ്രകാരം 95 ലക്ഷത്തിൽ പരം രൂപ വിവിധ പ്രൊജക്ടുകൾ പ്രകാരം ക്യൂബിൽ ആയിട്ടുണ്ട്. ക്യൂബിൽ തുക ഒഴിവാക്കിയാൽ തന്നെ ഏകദേശം 1.55കോടിയിൽ പരം രൂപ പ്രൊജക്ടുകളുടെ നിർവഹണത്തിൽ വന്ന വീഴ്ച മൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വികസനഫണ്ട് ജനറൽ, എസ്.സി.പി, മെയിന്റെനന്സ് ഗ്രാന്റ് റോഡ്, നോൺറോഡ്, സെൻട്രൽ ഫൈനാൻസ് കമ്മീഷൻ ഗ്രാന്റിനങ്ങളിലെല്ലാം തന്നെ ലഭ്യമായ ഫണ്ട് വിനിയോഗിക്കാൻ കഴിയാത്ത സ്ഥിതി പഞ്ചായത്തിൽ സാമ്പത്തികവർഷം പ്രകടമാണ്. നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം പ്രത്യേകമായി പരിശോധിച്ചാൽ അസി.എഞ്ചിനീയറുടെ പ്രൊജക്ട നിർവഹണത്തിലുള്ള വീഴ്ചയാണ് ഫണ്ട് നഷ്ടത്തിന് പ്രധാനമായും കാരണമായത്. അസി.എഞ്ചിനീയർക്ക് സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടെ 105 പ്രൊജക്ടുകൾ നടപ്പിലാക്കാനുണ്ടായിരുന്നതിൽ കേവലം 46 പ്രൊജക്ടുക്ടുകൾക്ക് മാത്രമെ തുക ചെലവഴിക്കപ്പെട്ടിട്ടുള്ളൂ. സാമ്പത്തിക വർഷം പ്രവർത്തി പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ച് ക്യൂബിൽ ആയ 27ബില്ലുകളിൽ ഉള്ള 6804413 രൂപ കൂടി പരിഗണിച്ചാലും എ.ഇ യുടെ പ്രൊജക്ട് നിർവഹണം കാര്യക്ഷമമല്ല എന്ന് വ്യക്തമാണ്.മറ്റ് നിർവഹണ ഉദ്യോഗസ്ഥരിൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രൊജക്ടുകളെല്ലാം തന്നെ യഥാസമയം ട്രഷറിയിൽബിൽ സമർപ്പിക്കാത്തതിനാൽ ക്യൂബിൽ ആയി മാറുകയാണുണ്ടായത്.

വെറ്ററിനറി സർജൻ, മെഡിക്കൽ ഓഫീസർ ആയുർവേദം, മെഡിക്കൽ ഓഫീസർ ഹോമിയോ എന്നിവരൊഴികെയുള്ള നിർവഹണ ഉദ്യോഗസ്ഥരൊന്നുംതന്നെ മുഴുവൻ പ്രൊജക്ടുകളും നടപ്പിലാക്കിയിട്ടില്ല.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ രൂപീകരണം , നിർവഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തി കാണുന്നില്ല. പഞ്ചായത്ത് ഭരണസമിതി യോഗങ്ങളിലും പ്രൊജക്ടുകളുടെ നിർവഹണം സംബന്ധിച്ച വിലയിരുത്തൽ നടത്തിവരുന്നുണ്ട്.

പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തികവർഷത്തിൽ പ്രൊജക്ടുനിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാംതന്നെ യോഗമിനുട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം യഥാസമയം യോഗം ചേർന്ന് യോഗമിനുട്സുകൾ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതും പ്രൊജക്ടുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗ് നടത്തിവരുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്

## 1-6 ക്ഷേമപദ്ധതികൾ

സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ ക്കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 93000 | 80 |
| കർഷക തൊഴിലാളി പെൻഷൻ | 4527000 | 852 |
| വിധവാപെൻഷൻ | 8251800 | 1488 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 12583200 | 2685 |
| വികലാംഗ പെൻഷൻ | 2037500 | 399 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 593400 | 108 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 270000 | 9 |

### 1-6-1 വിവിധ ക്ഷേമപെൻഷൻ അപേക്ഷകളിൽ തീരുമാനം കൈകൊള്ളുന്നതിൽ കാലതാമസവും രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകതകളും.

ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വർഷം ലഭ്യമായ വിവിധ ക്ഷേമപെൻഷൻ അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷകളിൽ തീരുമാനം കൈകൊള്ളുന്നതിൽ കാലതാമസം നേരിട്ടതായി കാണുന്നു. ക്ഷേമപെൻഷനുകളുടെ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഭൂരിഭാഗം അപേക്ഷകളിലും അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്ക് കൈമാറിയതിന്റെ വിവരം അന്വോഷണ റിപ്പോർട്ട് സമർപ്പിച്ച തിയ്യതി, അപേക്ഷകളിൽ തീരുമാനം കൈകൊണ്ടതിന്റെ വിശദാംശം എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഏതാനും അപേക്ഷകളിൽ തീരുമാനം കൈകൊണ്ട വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയത് പരിശോധിച്ചതിൽ അപേക്ഷകളിലൊന്നിൽ പോലും നിശ്ചിത സമയപരിധിക്കകം തീരുമാനം കൈകൊണ്ടതായി കാണുന്നില്ല. വാർദ്ധക്യകാല പെൻഷൻ അപേക്ഷകളിൽ മിക്കതും മൂന്നും, നാലും മാസങ്ങൾക്ക് ശേഷമാണ് തിരുമാനം കൈകൊണ്ടിരിക്കുന്നത്.

## 1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02-03-2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17840/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-8 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18 വർഷത്തിൽ ആകെ 5006 കുടുംബങ്ങൾ തൊഴിൽ കാർഡ് എടുത്തതിൽ 2119 കുടുബങ്ങളിൽ നിന്നായി 2269പേർ തൊഴിലിനായി അപേക്ഷിക്കുകയും എല്ലാവർക്കും തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 135 പ്രവൃത്തികളിലായി സാമ്പത്തിക വർഷത്തിൽ ആകെ 65116 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും തൊഴിലാളികളുടെ കൂലി ഇനത്തിൽ 17693153രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സാമ്പത്തികവർഷത്തിൽ കേവലം 28 കുടുംബങ്ങൾക്ക് മാത്രമെ 100 തൊഴിൽ ദിനങ്ങൾ ലഭ്യമായിട്ടുള്ളൂ. എം.എൻ. ആർ.ഇ.ജി.എസ്.ജീവനക്കാരുടെ ശമ്പളം ,യാത്രാചെലവ് .മറ്റ് ചെലവുകൽ ഇനത്തിൽ 908545 രൂപയുംചെലവഴിക്കപ്പെട്ടിട്ടുണ്ട്. സാമ്പത്തിക വർഷത്തെ ആക്ഷൻ പ്ലാൻ പ്രകാരം 510 പ്രവർത്തികൾക്കായി 3500000 രൂപ വകയിരുത്തിയതിൽ മേൽ പറഞ്ഞ പ്രകാരം 135 പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കിയിരിക്കുന്നത്. ആയതിൽ രണ്ടെണ്ണം മാത്രമാണ് മെറ്റീരിയൽ പ്രവൃത്തി വരുന്നുള്ളൂ. ആയതിന് 164395 രൂപ മാത്രമാണ് സാമ്പത്തിക വർഷത്തെ ചെലവ്.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിൽ കൃത്യമായ ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങൾ 21.1.22ലെ4/22 നമ്പർ ഉത്തരവുപ്രകാരം വിഭജിച്ച് നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധചെലുത്തി കാണുന്നില്ല. പഞ്ചായത്തിൽ സൂക്ഷിക്കേണ്ട വിവരാവകാശ രജിസ്റ്റർ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അറ്റന്റൻസ് രജിസ്റ്റർ സൂക്ഷിപ്പിലും കൃത്യത കുറവ് ഉണ്ടായിട്ടുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റ് ഉൾപ്പടെയുള്ള കരാർ ജീവനക്കാരുടെ കാര്യത്തിൽ പലദിവസങ്ങളിലും അറ്റന്റൻസ് രേഖപ്പെടുത്തുകയോ, അനുവദനീയ അവധിയിലാണെങ്കിൽ അക്കാര്യം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ മേലുദ്യോഗസ്ഥർ പലപ്പോഴും വീഴ്ച വരുത്തിയിട്ടുണ്ട്. ജീവനക്കാരുടെ ദൈനംദിന കലക്ഷനുകളുടെ കൃത്യത എല്ലായ്പ്പോഴും പരിശോധനക്ക് വിധേയമാക്കുന്നില്ല. കാഷ്ബുക്ക് ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഡേബുക്ക് പലപ്പോഴും ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തുന്നില്ല. ബാങ്ക്, ട്രഷറി എകൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിവിധ ഡി.സി.ബി.രജിസ്റ്ററുകളുകളിൽ റെന്റ് രജിസ്റ്റർ. ഡി&ഒ രജിസ്റ്റർ, കെട്ടിടനികുതി രജിസ്റ്റർ സഞ്ചയ അബ്ട്രാക്ട് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ലോൺ രജിസ്റ്ററും സെക്രട്ടറി സാക്ഷ്യപ്പെടുത്തി കാണുന്നില്ല. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിലെയും കൈമാറികിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാറുടെ പേരും വിലാസവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ട ഇൻക്യുമ്പൻസി മാസ്റ്റർ രജിസ്റ്റർ എഴുതി കൃത്യമായി സൂക്ഷിച്ചിട്ടില്ല. വൗച്ചറുകളുടെ കാര്യത്തിൽ ഭൂരിഭാഗം വൗച്ചറുകളും പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കി കാണുന്നില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ

തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഊർജിതമായ നടപടികൾ ഉണ്ടാവേണ്ടിയിരിക്കുന്നു. 1998-99മുതൽ 2018-19 വരെയുള്ള 19 റിപ്പോർട്ടുകളിലായി 196 പരാമർശങ്ങൾ നിലവിലും പരിഹരിക്കാതെ അവശേഷിക്കുന്നുണ്ട് .

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി , നികുതിയേതര വരുമാനങ്ങൾ മുഴവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തതമൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാവാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവുചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ 3 ക്ലർക്ക്, 3 സീനിയർ ക്ലർക്ക് തസ്തികകളാണ് നിലവിലുള്ളത്. പഞ്ചായത്തിലെ ജീവനക്കാർക്ക് ജോലിഭാരം പ്രകടമാണെങ്കിലും, ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം ,ഡി&ഒ, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല എൽപിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി ഇല്ലാതിരിക്കുകയും , ആയതുകൊണ്ടു തന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച് ബജറ്റ് പ്രപോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചു നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് , അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-10 മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് നടപടികളില്ല.

ഗ്രാമപഞ്ചായത്തിന്റെ മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചുവരുന്ന നടപടികൾ പരിശോധിച്ചതിൽ 1998-99 മുതൽ 2018-19 വരെ 19 റിപ്പോർട്ടുകളിലായി 196 ഖണ്ഡികകളിലെ പരാമർശങ്ങൾ നിലവിലും പരിഹരിക്കാതെ അവശേഷിക്കുന്നു. ആയത് പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ കാര്യമായ നടപടികൾ കൈകൊണ്ട് കാണുന്നില്ല. 2016-17, 2017-18, 2018-19 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രത്യേകമായി പരിശോധിച്ചതിൽ 2016-17, 17-18 ഓഡിറ്റ് റിപ്പോർട്ടുകൾക്ക് പ്രഥമമറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരപരാമർശം പുറപ്പെടുവിച്ചിട്ടു ണ്ടെങ്കിലും വളരെ കുറച്ച് തടസ്സ ഖണ്ഡികകൾ മാത്രമെ തീർപ്പായിട്ടുള്ളൂ. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 21.5.20ൽ ഗ്രാമപഞ്ചായത്ത് കൈപറ്റിയശേഷം നിശ്ചിത സമയപരിധിക്കകം മറുപടി സമർപ്പിക്കാത്തതിനാൽ റിപ്പോർട്ടിന് അനന്തരറി പ്പോർട്ട് പുറപ്പെടുവിക്കേണ്ടി വന്നിട്ടുണ്ട്. അനന്തരറിപ്പോർട്ട് പുറപ്പെടുവിച്ചശേഷം പ്രസ്തുത റിപ്പോർട്ടിന് മറുപടി സമർപ്പിച്ചിരിക്കുന്നത് 29-10.21 ൽ അതായത് ഒന്നരവർഷത്തിന് ശേഷം മാത്രമാണ്. ഒരോ റിപ്പോർട്ടുകൾക്കും ലഭ്യമാക്കിയ മറുപടികളെല്ലാംതന്നെ വാഗ്ദാന രൂപത്തിലുള്ളതും അപാകത പരിഹരിക്കാൻ തക്കവിധത്തിലല്ലാത്തതുമായതിനാൽ വളരെ കുറഞ്ഞ പരാമർശങ്ങൾക്ക് മാത്രമെ തീർപ്പുകൽപിക്കുന്നതിന് കഴിഞ്ഞിട്ടുള്ളൂ. 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 20.11.17 തിയ്യതിയിൽ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടെങ്കിലും നിശ്ചിത സമയപരിധിക്കകം പ്രഥമ മറുപടി സമർപ്പിച്ചതിന്റെ

അടിസ്ഥാനത്തിൽ 32 ഓഡിറ്റ് തടസ്സങ്ങളിൽ 3 എണ്ണം മാത്രമാണ് പരിഹരിക്കപ്പെട്ടത്. 2017-18 വർഷത്തെ റിപ്പോർട്ട് 25.10.18ന് പഞ്ചായത്തിൽ ലഭിക്കുകയും പ്രഥമ മറുപടിയുടെ അടിസ്ഥാനത്തിൽ കേവലം 8 ഖണ്ഡികകളിലെ പരാമർശങ്ങൾ മാത്രമെ തീർപ്പാക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഓഡിറ്റ് റിപ്പോർട്ടുകൾക്ക് യഥാസമയം മറുപടി സമർപ്പിക്കാത്തതും പിന്നീട് സമർപ്പിക്കുന്ന മറുപടികളിൽ ഭൂരിഭാഗവും അപാകത പരിഹരിക്കുന്നതിന് പര്യാപ്തമല്ലാത്തതുമാണ് ഇത്തരത്തിൽ റിപ്പോർട്ടുകൾ തീർപ്പാക്കാതിരിക്കാൻ കാരണം. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയത് - സംബന്ധിച്ച്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207, സ.ഉ. (എം.എസ്) 358/15 തി.16.12.2015 എന്നിവ പ്രകാരം 60 ച.മി വരെ വിസ്തീർണമുള്ള എല്ലാ വാസ ഗൃഹങ്ങളേയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചപ്പോൾ 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള നിരവധി കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല. കെട്ടിങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | നികുതി ഒഴിവാകാനുള്ള കാരണം |
|---|---|---|---|---|
| 1 | 2/373 | 250ച.മീ | കെ.ഇ.ശങ്കരൻ നമ്പ്യാർ, തയ്യിൽ വീട്, തിരുവോത്ത് | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 3/268 | 95ച.മീ | വിജയൻ, തിരുവോത്ത്, ഏറാമല | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 5/71 | 70ച.മീ | കുമാരൻ, ചെറുവയിൽ, ഏറാമല | രേഖപ്പെടുത്തിയിട്ടില്ല |
| 4 | 6/86 | 70ച.മീ | കുഞ്ഞിക്കണ്ണൻ, ലീല കൊച്ചേരിതാഴെകുനിയിൽ, ഓർക്കാട്ടേരി | രേഖപ്പെടുത്തിയിട്ടില്ല |
| 5 | 8/300 A | 251.26ച.മീ | നാണു.പി.എം, പുന്നോറത്ത് മീത്തൽ, ഓർക്കാട്ടേരി | രേഖപ്പെടുത്തിയിട്ടില്ല |
| 6 | 12/51 | 65ച.മീ | ബാലകൃഷ്ണൻ, ആയാടത്തിൽ | രേഖപ്പെടുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 7 | 12/167 | 80ച.മീ | മാധവി, പോതിക്കണ്ടി | രേഖപ്പെട്ടുത്തിയിട്ടില്ല |
| 8 | 12/223 | 80ച.മീ | ബാബു വിലാസിനി, രാരത്ത് മീത്തൽ | രേഖപ്പെട്ടുത്തിയിട്ടില്ല |
| 9 | 12/318 | 100ച.മീ | ബീന,ബാലമ്പ്രത്ത് മീത്തൽ, കുറുഞ്ഞാലിയോട് | രേഖപ്പെട്ടുത്തിയിട്ടില്ല |
| 10 | 12/471 | 63ച.മീ | കല്യാണി അമ്മ, വണ്ണത്താംവീട്ടിൽ | രേഖപ്പെട്ടുത്തിയിട്ടില്ല |
| 11 | 13/87 | 70ച.മീ | രാധ,പുതുശ്ശേരിതാഴകുനി, കുറുഞ്ഞാലിയോട് | രേഖപ്പെട്ടുത്തിയിട്ടില്ല |
| 12 | 14/959 | 65ച.മീ | വിജയൻ കക്കുഴിപറമ്പത്ത്, മാന്തോടി | രേഖപ്പെട്ടുത്തിയിട്ടില്ല |
| 13 | 18/223 | 100ച.മീ | പ്രമോദ്, തെക്കുംപുറംകുനിയിൽ, കുന്നമ്മക്കര | രേഖപ്പെട്ടുത്തിയിട്ടില്ല |
| 14 | 19/301 | 133ച.മീ | പവിത്രൻ,അനുഗ്രഹം, ചാത്തോത്ത് | രേഖപ്പെട്ടുത്തിയിട്ടില്ല |

കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം വിശദമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(26/19-20 തീ-02.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇവ പരിശോധിക്കേണ്ടതും അനർഹമായി നികുതി ഒഴിവ് നൽകിയിട്ടുണ്ടെങ്കിൽ ആയത് റദ്ദ് ചെയ്ത്, നികുതി ചുമത്തി നാളിതുവരെയുള്ള നികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്.

1-12 കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു - നികുതി നഷ്ടം സംഭവിക്കുന്നു

ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ സംരംഭക ലൈസൻസ് രജിസ്റ്റർ പ്രകാരം 548 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ എല്ലാം തന്നെ വാണിജ്യ സ്ഥാപനങ്ങളായാണ് നികുതി നിർണയിക്കുമ്പോൾ കണക്കാക്കേണ്ടത്. പഞ്ചായത്തിലെ വിവിധ വാർഡുകളിലെ വ്യവസായ വാണിജ്യ സംരംഭക ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ പരിശോധിച്ചപ്പോൾ, തെറ്റായി കാണിച്ചതും സഞ്ചയയിൽ രേഖപ്പെടുത്താത്തതും ശ്രദ്ധയിൽപെട്ടു.

| ഡി&ഒ ലൈസൻസ് രജിസ്റ്ററിലെ അപേക്ഷ നമ്പർ, അപേക്ഷകന്റെ പേര് | വാർഡ്/ കെട്ടിട നമ്പർ | രജിസ്റ്റർ പ്രകാരം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വിവരം | സഞ്ചയ പ്രകാരം കെട്ടിട ഉടമസ്ഥന്റെ പേര് | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗ ക്രമം |
|---|---|---|---|---|
| 13 ജഗദീശൻ.ടി.കെ | 10/327 | ഫ്ലോർമിൽ നടത്തുന്നതിന് | കുഞ്ഞബ്ദുള്ള, കൊട്ടേക്കണ്ടി, കാർത്തികപ്പള്ളി | പാർപ്പിടാവശ്യം |
| 88 എൻ.വിജയൻ | 7/206 | ആയുർവേദ ക്ലീനിക് | ചന്ദ്രൻ,തിരുമുമ്പിൽ, കുനിയപറമ്പത്ത് | പാർപ്പിടാവശ്യം |
| 206 പി.പി.ശശീന്ദ്രകുമാർ | 12/256 A | നോട്ട് ബുക്ക് വിൽപന | പോക്കർഹാജി, ഒളോറങ്ങര | പാർപ്പിടാവശ്യം |
| 253 കുമാരൻ | 8/436 | ആയുർവേദ, പച്ചമരുന്ന്, തറിമരുന്ന് കച്ചവടം | കമല,മമ്പള്ളീമ്മൽ | പാർപ്പിടാവശ്യം |
| 282 ശശി.എൻ | 1/74 | ബ്യൂട്ടി പാർലർ, സലൂൺ | എം.കെ.രാജു, എട്ടുകണ്ടത്തിൽ, കുന്നമ്മക്കര | പാർപ്പിടാവശ്യം |
| 286 ദാസൻ | 7/350 | സ്റ്റേഷനറി കച്ചവടം | മാണി, ഒടിക്കുനി, ഓർക്കാട്ടേരി | പാർപ്പിടാവശ്യം |
| 309 എൻ.കെ.ഗോകുലൻ | 13/267 A | പപ്പടനിർമ്മാണം | ഗോകുലൻ, തറമ്മൽ, കിഴക്കയിൽ | പാർപ്പിടാവശ്യം |

| | | | | |
|---|---|---|---|---|
| | | | | |
| 371 നാരായണൻ | 10/251 | വുഡ് വർക്സ് | എം.കെ.സതീശൻ, മീത്തലെകൊടക്കാട്ട് കാർത്തികപ്പള്ളി | പാർപ്പിടാവശ്യം |
| 383 രാമകൃഷ്ണൻ.എൻ | 14/886 | സ്റ്റേഷനറി കച്ചവടം | സുശീല, രാമത്ത് | പാർപ്പിടാവശ്യം |
| 419 റിനീഷ്.എൻ.കെ | 1/275 | അരവ് കേന്ദ്രം | അശോകൻ, ഒതയോത്ത്, കുന്നമ്മക്കര | പാർപ്പിടാവശ്യം |
| 426 സുരേഷ് ബാബു | 12/249 | പലചരക്ക് കച്ചവടം | ഒളോറങ്ങര പോക്കർഹാജി, കുറുഞ്ഞാലിയോട് | പാർപ്പിടാവശ്യം |

ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി വാണിജ്യാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതായി ഇതിൽ നിന്നും വ്യക്തമാവുന്നു. ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ വിവരം കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ അറിയിക്കാത്തതാണ് അപാകതയ്ക്ക് കാരണമാകുന്നത്. ലൈസൻസ് അപേക്ഷകളിൽ ഫീൽഡ് പരിശോധന കാര്യക്ഷമമല്ലാത്തതും അപാകതയ്ക്ക് കാരണമാവുന്നു. ഇത് കാരണം ഗ്രാമപഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നതിന് കാരണമാകുന്നു. ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ ഫീൽഡ് പരിശോധന നടത്തി അത്തരം കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ ആയവയുടെ നികുതി പുനർനിർണ്ണയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സൂപ്പർവൈസറി തലത്തിലുള്ള ഉദ്യോഗസ്ഥർ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

## 1-13 ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകതകൾ

ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2019-20 ഓഡിറ്റിന്റെ ഭാഗമായി ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### കുറഞ്ഞ ലൈസൻസ് ഫീ ഈടാക്കുന്നു

ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള 2018 ലെ ഭേദഗതി നിയമത്തിലെ ചട്ടം 7 ലെ പട്ടിക II പ്രകാരം ഉത്പാദനമേഖലയിൽ 25 ലക്ഷത്തിൽ കൂടാത്തതും, സേവന മേഖലയിൽ 10 ലക്ഷത്തിൽ കൂടാത്തതുമായ മൂലധന നിക്ഷേപമുള്ള സ്ഥാപനത്തിന്റെ വാർഷിക ലൈസൻസ് ഫീസ് 500/- രൂപയാണ്. എന്നാൽ

അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ പല സ്ഥാപനങ്ങളുടെയും ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവുള്ളതായി ബോദ്ധ്യപ്പെട്ടു.

ആകെ 548 സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് പുതുക്കുകയോ/പുതിയ ലൈസൻസ് എടുക്കുകയോ ചെയ്തിട്ടുണ്ട്. എന്നാൽ ഇവയിൽ 107 സ്ഥാപനങ്ങൾക്ക് 100/- രൂപാ വീതവും, 359 സ്ഥാപനങ്ങൾക്ക് 200/- രൂപാ വീതവും, 15 സ്ഥാപനങ്ങൾക്ക് 300/- രൂപാ വീതവും ആണ് ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. ലൈസൻസ് ഫീ കുറച്ച് ഈടാക്കിയതുമൂലം ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

2018 ലെ ചട്ടം പട്ടിക II-ൽ നിഷ്കർഷിക്കുന്നതിൽ നിന്നും വ്യത്യസ്തമായ തുക ലൈസൻസ് ഫീസായി ഈടാക്കിയതിൽ വിശദീകരണം നൽകേണ്ടതാണ്.

3.യന്ത്രങ്ങൾ പ്രവർത്തിക്കുന്നതിനുള്ള ഫീസ് ഈടാക്കിയില്ല.

പട്ടിക III, IV എന്നിവ പ്രകാരം വൈദ്യുതി ഉപയോഗിച്ചോ അല്ലാതെയോ യന്ത്രങ്ങൾ പ്രവർത്തിക്കുമ്പോൾ ഈടാക്കേണ്ടതായ മെഷീൻ റണ്ണിംഗ് ഫീസ് താഴെ കാണിച്ച സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയതായി ലൈസൻസ് രജിസ്റ്ററിലും അപേക്ഷകളിലും കാണുന്നില്ല.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേരും വിലാസവും | സ്ഥാപനം, വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉപയോഗിക്കുന്ന മോട്ടോറിന്റെ കുതിരശക്തി |
|---|---|---|---|
| 1 | മനത്താത്ത് രവീന്ദ്രൻ, മൂന്നാംകണ്ടത്തിൽ വീട്, കുന്നമ്മക്കര(പി.ഒ) | ചന്ദനവില്ല വുഡ് ക്രാഫ്റ്റ്സ് ഫർണിച്ചർ 16/277 | 15 HP |
| 2 | ജഗദീശൻ.ടി.കെ, തലൈകൊയിലോത്ത്, കാർത്തികപ്പള്ളി | കുമാർ ഫ്ലോർമിൽസ് 10/327 | 15 HP |
| 3 | റോമിള.വി.പി, സന്തോഷ് ഭവൻ, ഏറാമല | നിഷ ഫ്ലോർമിൽ 5/468 | 10 HP |
| 4 | രാധാകൃഷ്ണൻ, കുനിയിൽ, അരക്കിലോട് | ഹരി ഫ്ലോർമിൽ 18/426 | 10 HP |
| 5 | പി.ആലസ്സൻകുട്ടി, കുവേന്റവിട, ഓർക്കാട്ടേരി | മിനി മെറ്റൽ ഇൻഡസ്ട്രീസ് 8/380,381 | 5 HP |
| 6 | സനീഷ്.വി.പി, വലിയപറമ്പത്ത്, ചോറോട് ഈസ്റ്റ് | ഡെയിലി ഡേ വെജിറ്റബിൾ 14/913 | 9 HP |

| | | | |
|---|---|---|---|
| 7 | ലിജീഷ് പുതിയെടുത്ത്, ഓർക്കാട്ടേരി | പുതിയെടുത്ത് ഇൻഡസ്ട്രിയൽ 8/273,274,275,276 | 10 HP |
| 8 | ഷിജിൽ.ഇ.കെ, എടത്തും താഴകുനി, ഓർക്കാട്ടേരി | മാളൂസ് ഫ്ലോർമിൽ 14/299 | 10 HP |
| 9 | ജയൻ.കെ.പി, കുഴിയുള്ള പറമ്പത്ത്, ചോമ്പാല | സച്ചൂസ് വുഡൺ ഫർണിച്ചർ 19/282 A | 5 HP |

കുറഞ്ഞ ലൈസൻസ് ഫീ ഈടാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതും കൂടാതെ മേൽ പ്രതിപാദിച്ച സ്ഥാപനങ്ങളിൽ നിന്ന് മോട്ടർ റണ്ണിംഗ് ഫീ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, ഈടാക്കിയിട്ടില്ലെങ്കിൽ ഫീ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി-അപാകതകൾ

I). അർദ്ധവാർഷിക വരുമാന പത്രികകളിൽ ശമ്പളത്തിന്റെ വിവരങ്ങൾ പൂർണ്ണമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 204, 205 വകുപ്പുകളിലേയും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചതു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. അടിസ്ഥാന ശമ്പളം, ക്ഷാമ ബത്ത, സ്പെഷ്യൽ പേ, അവധി വേതനം, ഉത്സവ ബത്ത, മറ്റു അലവൻസ് എന്നിവയുടെ ആറ് മാസത്തെ ആകെ തുക അർദ്ധവാർഷിക വരുമാന കോളത്തിൽ രേഖപ്പെടുത്തിയ ശേഷമാണ് തൊഴിൽ നികുതി സ്ലാബ് നിർണ്ണയിക്കേണ്ടത്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ ശമ്പള വിവരങ്ങളും നൽകാത്ത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1) ഓർക്കാട്ടേരി മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലീനിക്, ഓർക്കാട്ടേരി(ഒന്നാം അർദ്ധവർഷം)

2) കുന്നുമ്മക്കര എൽ.പി.സ്കൂൾ (രണ്ടാം അർദ്ധവർഷം)

3) വടകര ബ്ലോക്ക് എംപ്ലോയീസ് കോപ്പറേറ്റീവ് സൊസൈറ്റി, വടകര(രണ്ടാം അർദ്ധവർഷം)

4) ഐഫ ഡെക്കോർ(രണ്ടാം അർദ്ധവർഷം)

5) റോയൽ പെട്രോളിയം(ഒന്നാം അർദ്ധവർഷം)

6) ഡേമാർട്ട് ഹൈപ്പർമാർക്കറ്റ്(ഒന്നാം അർദ്ധവർഷം)

7) ക്ലീനിക്സ് ഇന്ത്യ(ഒന്നാം അർദ്ധവർഷം)

Ii) തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല

ഏറാമല ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള എഫ്.ടി.ഇ &ഒ.എസ് ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | വാർഡ് / കെട്ടിട നം | ലൈസൻസ് അപേക്ഷന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 14/575,579 | നിസാർ.എം.ടി | കെ.എൻ.അസോസിയേറ്റ്സ് | 3 |
| 2 | 8/90 | പ്രവീഷ്.ടി | പി.എം.സി വുഡ്സ് | 3 |
| 3 | 8/117 | ശ്രീധരൻ.ടി.ഇ | റൈസ ഫുഡ് | 7 |
| 4 | 16/34 F | ശ്രീഷ്മ.പി.വി | എസ്.എസ് ഫ്ലോർമിൽ | 2 |
| 5 | 14/299 | ഷിജിൽ.ഇ.കെ | മാളൂസ് ഫ്ലോർമിൽ | 3 |
| 6 | 15/201 | അഭിലാഷ് ആനന്ദ്.കെ.ടി | രാജാദി സ്വീറ്റ്സ് | 3 |
| 7 | 15/38 | വിനോയ്.പി.കെ | ഗ്രേസ് എഞ്ചിനിയറിംഗ് | 2 |
| 8 | 12/171 | സുജീഷ്.ആർ | സ്നേഹ ഡിസ്ട്രിബ്യൂട്ടേഴ്സ് | 2 |
| 9 | 7/490 A | വൽസൻ.ഇ | ഗാലക്സി ബേക്കറി | 3 |
| 10 | 14/651 | കെ.പി.കൃഷ്ണൻ | ജവാൻസ് മെഡിക്കൽസ് | 3 |
| 11 | 11/111 | ഷൈജു.കെ.കെ | കെ.കെ.ഇൻഡസ്ട്രിയൽ | 2 |
| 12 | 7/418 C | സുനിലേഷ്.ആർ.കെ | ശാന്തി മെഡിക്കൽസ് | 2 |
| 13 | 14/513,514 | ഡോ.ഗിരീഷ് കുമാർ.കെ.കെ | ഫാത്തിമ ഡെന്റൽ ക്ലീനിക് | 2 |
| 14 | 6/214 | വി.എസ്.സുനിൽകുമാർ | എസ്.ബി.ഫുട് വെയർ | 2 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ജീവനക്കാരന്റെ പേര്, അർദ്ധവാർഷിക വരുമാനം, ഈടാക്കിയ നികുതി, രസീത് നമ്പർ, തീയതി സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് (നം.27/19-20 തീ-02.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കപ്പെടുന്ന അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽനികുതി സ്ലാബ് നിർണ്ണയത്തിനുവേണ്ട മുഴുവൻ വിവരങ്ങളും സ്ഥാപന മേധാവികൾ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 പഞ്ചായത്ത് മത്സ്യ മാർക്കറ്റ് കം ഷോപ്പിംഗ് കോപ്ലക്സിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിലുള്ള അപാകതൾ

കേരള അർബൻ &റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനിൽ നിന്ന് 93,29,518 രൂപ ലോണെടുത്ത് ഏറാമല ഗ്രാമപഞ്ചായത്ത് നിർമ്മിച്ച മത്സ്യമാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ 2019-20 സാമ്പത്തിക വർഷത്തെ ലോൺ തിരിച്ചടവിന്റെയും വാടക വരവിന്റെയും വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ലോൺ തിരിച്ചടവ് | വാടക ഇനത്തിലെ വരവ് |
|---|---|---|
| 2019-20 | 11,95,540 | 3,96,068 |

തനത് ഫണ്ടിൽ നിന്നും 11,95,540 രൂപ ലോൺ തിരിച്ചടവിന് വിനിയോഗിച്ചിട്ടുണ്ടെങ്കിലും 2019-20 സാമ്പത്തിക വർഷത്തിലെ വാടക വരവ് 3,96,068 രൂപ മാത്രമാണ്. ലോൺ തിരിച്ചടവ് ഇനത്തിൽ തനത് ഫണ്ടിന് വൻ ബാധ്യത ഉണ്ടാക്കുന്നു. പഞ്ചായത്ത് മത്സ്യ മാർക്കറ്റ് കം ഷോപ്പിംഗ് കോപ്ലക്സിൽ വാടക്ക് കൊടുക്കാവുന്ന 25 മുറികളുണ്ട്. ഇതിൽ പഴയ മത്സ്യ മാർക്കറ്റിൽ കച്ചവടം ചെയ്തിരുന്ന 7 പേർക്ക് കെട്ടിടം പൊളിച്ചുമാറ്റുന്ന അവസരത്തിൽ പഞ്ചായത്തുമായി ഉണ്ടാക്കിയ കരാർ പ്രകാരം ഗ്രൗണ്ട് ഫ്ലോറിൽ 2,00,000/- രൂപ ഡിപ്പോസിറ്റ് നൽകി 5,000 രൂപ പ്രതിമാസ വാടകയിൽ കച്ചവടം ചെയ്യാൻ അനുവദിച്ചിരുന്നു. . എന്നാൽ വെയിസ്റ്റ് വെള്ളം ഒഴിവാക്കുന്നതിനും മാലിന്യം സംസ്കരിക്കുന്നതിനും കെട്ടിടത്തിൽ വേണ്ട രീതിയിൽ സംവിധാനമില്ലാത്തതുകൊണ്ട് പല റൂമുകളും അടച്ച് പൂട്ടേണ്ടി വന്നു. പഞ്ചായത്ത് ഭരണ സമിതി സബ്കമ്മറ്റിയെ നിയോഗിക്കുകയും സബ്കമ്മറ്റി പ്രശ്ന പരിഹാരത്തിനായി കെട്ടിട ശുചീകരണത്തിനും, ഗോവണി നിർമ്മിക്കുന്നതിനും, വെയിസ്റ്റ് വെള്ളം ഒഴിവാക്കുന്നതിന് ടാങ്ക് നിർമ്മിച്ച് നൽകുന്നതിനും ശുപാർശ ചെയ്തിരുന്നു. എന്നാൽ പഞ്ചായത്ത് മേൽ വിഷയത്തിൽ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ലെന്ന് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചെങ്കിലും പോരായ്മകൾ ഇതുവരെ പരിഹരിച്ചിട്ടില്ല.അതു കൊണ്ട് തന്നെ തുടർന്ന് നടത്തിയ ലേലങ്ങളിലും മുറികൾ എടുക്കാൻ ആരും തയ്യാറായില്ല.

വലിയ തുക വായ്പയെടുത്ത് നിർമ്മിച്ച മത്സ്യമാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ ഉടൻ സ്വീകരിക്കേണ്ടതാണ് . ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശവും നേതൃത്വവും നൽകുന്നുവെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഉറപ്പാക്കേണ്ടതാണ്.

## 1-16 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഇതേ ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത്

കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിൽ വസ്തു നികുതി നിർണ്ണയം പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് ഗ്രാമപഞ്ചായത്ത് നികുതി നിശ്ചയിച്ചിരിക്കുന്നത്.

എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

1)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 40 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി(വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 14/439 A | മൂസ, എരോത്ത് താഴകുനിയിൽ, ഓർക്കാട്ടേരി | 23.6 $M^2$, താഴത്തെ നില വാണിജ്യം | 1133+ 57 (5% LC) = 1190 |
| 14/439 B | | 26.4 $M^2$, താഴത്തെ നില വാണിജ്യം | 1268 + 64 (5% LC) = 1332 |
| 14/439 C | | 19.29 $M^2$, താഴത്തെ നില വാണിജ്യം | 926 + 47 (5% LC) = 973 |
| 14/439 D | | 11.79 $M^2$, താഴത്തെ നില വാണിജ്യം | 566 + 29 (5% LC) = 595 |
| 14/439 E | | 11.14 $M^2$, താഴത്തെ നില വാണിജ്യം | 535 + 27 (5% LC) = 562 |

| | | | |
|---|---|---|---|
| 14/439 F | | 12.04 $M^2$, താഴത്തെ നില വാണിജ്യം | 578 + 29 (5% LC) = 607 |
| | ആകെ | 104.26 $M^2$ | 5006 + 253 (5% LC) = 5259 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 60/- രൂപ

ആകെ തറവിസ്തീർണ്ണം- 104.26ച.മീ

104.26 X 60 = 6255.6 + (20% വഴിസൗകര്യം വർദ്ധനവ്)

= 7507 + 376 (5% LC) = 7883

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി – 7883

ഈടാക്കിയ നികുതി - 5259

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം (7507 + 376 ) - (5006 + 253)

2501 + 123 (5% LC) = 2624

2)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 40 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി(വർദ്ധനവ് – 20% വഴി സൗകര്യം) |
|---|---|---|---|
| 12/290 A | മോഹനൻ,രമേശൻ, ഗിരീശൻ, ചന്ദ്രൻ വളപ്പിൽ, ഓർക്കാട്ടേരി | 46.3 $M^2$ , താഴത്തെ നില വാണിജ്യം | 2223 + 112 (5% LC) = 2335 |
| 12/290 B | | 42.37 $M^2$ , താഴത്തെ നില വാണിജ്യം | 2034 + 102 (5% LC) = 2136 |
| 12/290 C | | 42.77 $M^2$ , താഴത്തെ നില വാണിജ്യം | 2053 + 103 (5% LC) = 2156 |
| | ആകെ | 131.44 $M^2$ | 6310 + 317 (5% LC) = 6627 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 60/- രൂപ

ആകെ തറവിസ്തീർണ്ണം- 131.44 ച.മീ

131.44 X 60 = 7886.4 + (20% വഴിസൗകര്യം വർദ്ധനവ്)

= 9464 + 474 (5% LC) = 9938

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 9938

ഈടാക്കിയ നികുതി - 6627

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം (9464+ 474) – (6310 + 317)

3154 + 157 (5% LC) = 3311

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന ഒരേ മേൽക്കൂരയ്ക്ക് കീഴിലുള്ള റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കാതെ മേൽ വിവരിച്ച പ്രകാരം നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗമെന്ന നിലയിൽ കെട്ടിട നികുതി കണക്കാക്കുന്നതിൽ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. വാണിജ്യാവശ്യത്തിനു പയോഗിക്കുന്ന മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്. കൂടാതെ ഇത്തരത്തിലുള്ള മറ്റ് കെട്ടിടങ്ങളുടേയും നികുതി നിർണയം പുനപരിശോധിച്ച് അപാകതകളുണ്ടെങ്കിൽ പരിഹരിക്കേണ്ടതാണ്.

1-17 ലഭ്യത പരിഗണിക്കാതെ പ്രൊജക്ടുകൾക്ക് തനത് ഫണ്ട് വകയിരുത്തി ചെലവഴിക്കുന്നു.

സ്ഥാപനത്തിന്റെ സാമ്പത്തികവർഷത്തെ ചെലവുപത്രിക പരിശോധിച്ചതിൽ വിവിധ പ്രൊജക്ടുകൾക്കായി തനത് ഫണ്ടിൽനിന്നും 2,67,56,786 രൂപ വകയിരുത്തുകയും 96,86,408 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സ.ഉ.നമ്പർ 11/2018/ത.സ്വ.ഭ.വ.തി 29.1.18 ഖണ്ഡിക 5.1(3) പ്രകാരം 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെയും ബന്ധപ്പെട്ട ചട്ടത്തിലെയും വ്യവസ്ഥകൾ പ്രകാരം തനത് ഫണ്ടിൽനിന്നും നിഷ്കർഷിച്ച അനിവാര്യചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്കും ആവശ്യമായ തുക ബജറ്റിൽ മാറ്റിവെച്ചശേഷം മിച്ചമുള്ള തുക തനത് ഫണ്ട് എന്ന സ്രോതസ്സായി പദ്ധതിയിൽ വകയിരുത്തണം . എന്നാൽ പഞ്ചായത്തിൽ തനത് ഫണ്ട് വകയിരുത്തിയപ്പോൾ ആയത് പരിഗണിച്ചു കാണുന്നില്ല. 18-19 സാമ്പത്തികവർഷത്തെ പഞ്ചായത്തിന്റെ തനത് ഫണ്ട് നീക്കിയിരിപ്പ് (19-20 മുന്നിരിപ്പ്) ബാങ്ക്, ട്രഷറി അക്കൗണ്ടുകളിലായി അവശേഷിക്കുന്നത് 1,72,81,652 രൂപയാണ്. ആയതിൽ മറ്റ് പ്രത്യേക ആവശ്യങ്ങൾക്ക് മുൻവർഷങ്ങളിൽ ലഭ്യമായതും ചെലവഴിക്കാതെ തനത് ഫണ്ട് എകൗണ്ടിൽ അവശേഷിക്കുന്നതുമായ തുക 2,98,739രൂപയുണ്ട്.(2019-20 ബാലൻഷീറ്റ് B4) ആയത് കുറവ് ചെയ്താൽ തനത് ഫണ്ട്നീക്കിയിരിപ്പ് 1,69,82,913 രൂപയാണ്.ഇതിൽ നിന്നും തൻവർഷം നൽകാനുള്ളതും ബാധ്യതയായി അവശേഷിക്കുന്നതുമായ തുക B.9, B.7എന്നിവപ്രകാരം 47,18,170 രൂപയുണ്ട്. ഇതുകൂടി കുറവുചെയ്താൽ 1,22,64,743 രൂപ മാത്രമേ 2018-19 സാമ്പത്തിക വർഷം നീക്കിയിരിപ്പ് അതായത് 19-20ൽ മുന്നിരിപ്പായുള്ളൂ. ഈ ഒരു സാമ്പത്തിക സ്ഥിതിയാലാണ് തൻവർഷത്തെ തനത് ഫണ്ട് വരവു കൂടി പ്രതീക്ഷിച്ച് 26,75,6786 രൂപ തനത് ഫണ്ടിൽ നിന്നും പ്രൊജക്ടുകൾക്കായി വകയിരുത്തിയിരിക്കുന്നത്. തൻ വർഷത്തെ യഥാർത്ഥ തനത് ഫണ്ട് വരവും,

ചെലവും പരിശോധിച്ചതിൽ ടാക്സ്, ഫീസ് ഉൾപ്പെടെ തനത് വരുമാനം 83,52,565 രൂപയും ജനറൽ പർപ്പസ് ഗ്രാന്റ് വരവ് 1,51,65,619 രൂപയും ഉൾപ്പെടെ ആകെ 2,35,18,184രൂപ വരവുണ്ട്. ആയതിൽ ശമ്പളചെലവുകൾ, ഓപ്പറേഷൻ &മെയിന്റനൽസ്, ഭരണചെല വുകൾ എന്നിവക്ക തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ (I.12(B), 1.10(B)1.11(b) 1 -13) 1,74,10,779 രൂപ വരുന്നുണ്ട്. ഇതിൽ നിന്നും പഞ്ചായത്തിന്റെ തനത് വരവ് ജനറൽ പർപ്പസ് ഗ്രാന്റുൾപ്പെടെ പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾകഴിച്ച് പ്രൊജക്ടുകൾക്ക് ഇത്രയും ഭീമമായ തുക വകയിരുത്താൻ പര്യാപ്തമല്ലെന്ന് കാണാം. ആവശ്യമായ ലഭ്യത ഇല്ലാത്ത തനത് ഫണ്ട് വകയിരുത്തി പ്രൊജക്ടുകൾ തയ്യാറാക്കി തുക ചെലവഴിക്കുന്നതിനാൽ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള മറ്റ് ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നതിനും ,അല്ലെങ്കിൽ തനത് ഫണ്ട് വിഹിതം ചെലവഴിക്കപ്പെടാതിരിക്കുന്നതിനും കാരണമാവും . സാമ്പത്തിക വർഷത്തിൽപ്രൊജക്ടുകൾക്ക് ചെലവഴിക്കാൻ ആവശ്യമായ തനത് ഫണ്ട് ലഭ്യമല്ലാത്തതിനാൽ സാമ്പത്തികവർഷം തനത് ഫണ്ട് വകയിരുത്തിയ പ്രൊജക്ടുകളിൽ ചിലത് നടപ്പിലാക്കാതെ തുടർ സാമ്പത്തിക വർഷത്തിൽ മറ്റ് ഫണ്ടുകൾ വകയിരുത്തി അംഗീകാരം വാങ്ങി നടപ്പിലാക്കേണ്ട അവസ്ഥ പഞ്ചായത്തിൽ സംജാതമായിട്ടുണ്ട്. ലഭ്യത പരിഗണിക്കാതെ തനത് ഫണ്ട് വകയിരുത്താനുണ്ടായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

തനത് ഫണ്ട് ലഭ്യത വിലയിരുത്തി പ്രൊജക്ട് രൂപീകരണ സമയത്ത് ഭരണസമിതിയെ അറിയിക്കുന്നതിൽ സെക്രട്ടറി, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവർക്ക് ഉണ്ടായ വീഴ്ചയാണ് അപാകതക്ക് കാരണമായത്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ തനത് ഫണ്ട് ലഭ്യത പരിഗണിച്ചുമാത്രം പ്രൊജക്ടുകൾക്ക് തനത് ഫണ്ടിനത്തിൽതുക വകയിരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-18 സംയുക്ത പ്രൊജക്ടുകൾക്കായുള്ള ട്രഷറി എകൗണ്ടിൽ ഭീമമായ തുക നീക്കിയിരിപ്പ്- ചെലവഴിക്കാൻ നടപടികളോ, തുക തിരിച്ചടവാക്കുകയോ ചെയ്യുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികവർഷത്തെ വാർഷിക കണക്ക് പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായുള്ള ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ 59,76,049 രൂപ നീക്കിയിരിപ്പ് കാണുന്നു. മുൻ വർഷങ്ങളിൽ ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനങ്ങളിൽ വരവുവന്ന തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയാണിത്. 2020-21 സാമ്പത്തിക വർഷത്തിലും ആയത് തിരിച്ചടവാക്കിയതായി കാണുന്നില്ല. മുൻ വർഷങ്ങളിൽ ഏതെല്ലാം പ്രൊജക്ടുകൾക്കായി വരവുവന്ന തുകയിൽ ചെലവഴിക്കാത്ത തുകയാണെന്നതിന്റെ വിശദമായ വിവരം പഞ്ചായത്തിൽ ലഭ്യമല്ല. ലഭ്യമായ കണക്കു പ്രകാരം മേൽ തുകയിൽ 8,48,650 രൂപ 2016-17 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സീനിയർ സിറ്റിസൺ റിക്രിയേഷൻ ക്ലബ് നിർമ്മാണത്തിനായി ലഭിച്ച തുകയാണ്. റിക്രിയേഷൻ ക്ലബ് നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമുൾപ്പെടെ വകയിരുത്തി പ്രൊജക്ട് തയ്യാറാക്കി എന്നല്ലാതെ ആയതിന് ആവശ്യമായ സ്ഥലസൗകര്യംപോലും ലഭിക്കാതെ പ്രൊജക്ട് നാളിതുവരെ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. അതേപോലെതന്നെ 2017-18 സാമ്പത്തികവർഷത്തിൽ ബഡ്സ് സ്കൂൾ നിർമ്മാണത്തിനായി ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച 10 ലക്ഷം സ്കൂളിന് ആവശ്യമായ സ്ഥലസൗകര്യം ലഭിക്കാത്തതിനാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത പ്രവർത്തിക്ക് നിലവിൽ പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും സാങ്കേതിക കാരണങ്ങളാൽ ആയത് നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥയിലാണ്. അതുപോലെ 2018-19 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കംഫർട്ട് സ്റ്റേഷൻ നിർമാണത്തിനായി ലഭിച്ച 14 ലക്ഷം രൂപയും, ടോയിലറ്റ് ബ്ലോക്ക് നിർമ്മാണത്തിനായി ലഭിച്ച 7 ലക്ഷം രൂപയും ചെലവഴിക്കുന്നതിന് പ്രൊജക്ട് ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും നിലവിലും ആയത് ടെണ്ടർ നടപടികൾ പോലും കൈകൊള്ളാത്ത അവസ്ഥയിലാണ്. അവശേഷിക്കുന്ന 2027399 രൂപ ഏതെല്ലാം പ്രൊജക്ടുകൾക്കായി വന്ന തുകയാണെന്നതു സംബന്ധിച്ച രേഖകൾ പരിശോധക്ക് ലഭ്യമാക്കിയിട്ടില്ല.

സ.ഉ.(എം.എസ്)നമ്പർ11/18 ത.സ്വ.ഭ.വ തി 29.1.18 ഖണ്ഡിക 3.5.4 ൽ നിഷ്കർഷിച്ച വ്യവസ്ഥകൾ പാലിക്കാതെ സംയുക്ത പ്രൊജക്ടുകൾ ജില്ലാ/ബ്ലോക്ക്/ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്നത് മൂലമാണ് പ്രൊജക്ടുകൾക്ക് ആവശ്യമായ ഭൗതിക ഘടകങ്ങൾ ഉറപ്പുവരുത്താതെ ജില്ലാ/ബ്ലോക്ക് വിഹിതം കൈമാറുന്നതിന് കാരണമാവുന്നതാണ്. ധനകാര്യ വകുപ്പിന്റെ 23.1.17ലെ ജി.ഒ.(പി)7/17 പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന സംയുക്ത പ്രൊജക്ടുകൾക്കുള്ള വിഹിതം തൻവർഷം മാർച്ച് 31ന് പണമാക്കാത്ത ചെക്കുകൾ ഒഴികെയുള്ളത് സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. സംയുക്ത പ്രൊജക്ടുകൾക്ക് ലഭ്യമായ തുകയിൽ വർഷങ്ങളായി ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാർ നിർദ്ദേശപ്രകാരം തിരികെ അടവാക്കേണ്ടതാണ്.

## 1-19 മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു

ഏറാമല ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ മുൻകൂർ രജിസ്റ്റർ സംക്ഷിപ്തം പ്രകാരം മുൻകാലങ്ങളിലെ പല മുൻകൂറുകളും ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു.

| തീയതി | ആർക്ക് നൽകി | ആവശ്യം | തുക |
|---|---|---|---|
| 12.11.2015 | അനീഷ്.എം.കെ, സെക്രട്ടറി | യാത്രാബത്ത | 1,000 |
| 14.03.2016 | ശശികുമാർ.കെ.കെ, അസി.സെക്രട്ടറി | യാത്രാബത്ത | 1,000 |
| 18.12.2016 | ശശികുമാർ.കെ.കെ, അസി.സെക്രട്ടറി | യാത്രാബത്ത | 1,000 |
| 04.03.2016 | ശശികുമാർ.കെ.കെ, അസി.സെക്രട്ടറി | യാത്രാബത്ത | 750 |
| 29.03.2016 | ശശികുമാർ.കെ.കെ, അസി.സെക്രട്ടറി | യാത്രാബത്ത | 1,000 |
| 15.06.2016 | ശശികുമാർ.കെ.കെ, അസി.സെക്രട്ടറി | യാത്രാബത്ത | 1,000 |
| 16.03.2017 | ശശികുമാർ.കെ.കെ, അസി.സെക്രട്ടറി | യാത്രാബത്ത | 1,000 |
| 07.11.2019 | എൻ.കെ.ഭാസ്കരൻ | ട്രാവലിംഗ് അലവൻസ് | 1,500 |
| 07.11.2019 | കെ.പി.ബിന്ദു, വൈസ് പ്രസിഡന്റ് | യാത്രാബത്ത | 1,500 |

| | | | |
|---|---|---|---|
| 07.11.2019 | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | യാത്രാബത്ത | 1,500 |
| 07.11.2019 | പി.സുരേഷ്, സെക്രട്ടറി | യാത്രാബത്ത | 1,500 |
| 07.11.2019 | പി.ജി.സിന്ധു, അസി.സെക്രട്ടറി | യാത്രാബത്ത | 1,500 |

മുൻകൂർ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ, ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതും, ക്രമീകരിച്ചിട്ടില്ലെങ്കിൽ ആയതിന് വിശദീകരണം നൽകേണ്ടതുമാണെന്ന് ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.22/19-20, തീ-02.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മുകളിൽ കാണിച്ച തുകകളിൽ ക്രമീകരിക്കാൻ ബാക്കിയുള്ള യാത്രാബത്ത മുൻകൂറുകൾ സ.ഉ. (അ) 197/2013/ഫിൻ. തിയ്യതി 30.04.2013 പ്രകാരം 18 ശതമാനം പിഴ സഹിതം തിരിച്ച് പിടിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-20 മുൻകാല ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 സംക്ഷിപ്തം പ്രകാരം 26,23,645/- രൂപ ഡെപ്പോസിറ്റുള്ളതായി കാണുന്നു.

വിവിധ അക്കൌണ്ടുകളിലായി 2011-12 കാലയളവ് മുതലുള്ള പലവിധത്തിലുള്ള ഡെപ്പോസിറ്റുകളും ഇപ്പോഴും ആവശ്യമുന്നയിക്കാതെ ഡെപ്പോസിറ്റുകളായി തന്നെ തുടരുന്നുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 281, 282 പ്രകാരം കാലാവധി കഴിഞ്ഞതിൽ നിലനിർത്തേണ്ടവയൊഴികെയുള്ള ഡെപ്പോസിറ്റുകൾ മുതൽ കൂട്ടാതിരിക്കാനുള്ള കാരണം അറിയിക്കേണ്ടതാണ്.

## 1-21 അങ്കണവാടികൾ പെയിന്റ് ചെയ്ത് ചിത്രങ്ങൾ വരക്കൽ-ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും അപാകതകൾ

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | പ്രോജക്റ്റ്നം- 16/2019-20, അങ്കണവാടി ശിശു സൗഹൃദ പെയിന്റിംഗ് |
| വകയിരുത്തിയ തുക | 200000/-(MG-Non Road)<br>240000/- (ബ്ലോക്ക് വിഹിതം) |
| ചെലവഴിച്ച തുക,ബിൽ നമ്പർ,തിയ്യതി | Rs.42447/-(6433/23-03-2020)<br>Rs.200000/-(9826/02-03-2020)(ക്യൂ ബിൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

പ്രീ സ്കൂൾ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായുള്ള മേൽ പദ്ധതിയുടെ പ്രോജക്റ്റ് രൂപീകരണ ഫോറം പ്രകാരം 22 അങ്കണവാടികൾ പെയിന്റിംഗ് , വെള്ള പൂശൽ എന്നിവ ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടത്. പദ്ധതി പ്രകാരം ഓരോ അംഗൻവാടിയ്ക്കും 20,000/- രൂപ നിരക്കിൽ ആകെ 4,40,000/-രൂപയാണ് വകയിരുത്തിയത്. ഇതിൽ 2019-20ൽ 42,447/- രൂപയാണ് ചെലവ് വന്നിട്ടുള്ളത്. Rs.200000/- ക്യൂ ബിൽ ആവുകയും ചെയ്തു. ബാക്കി തുക ചെലവ് വന്നിരിക്കുന്നത് 2020-21 ലാണ്. പ്രവൃത്തി ടെണ്ടർ ചെയ്തതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ടുചെയ്ത സുകുമാരൻ, ചൈതന്യ,കുനിയിൽ എന്നവർക്ക് ആവശ്യമായ ഏരിയക്ക് സ്ക്വയർ ഫൂട്ടിന് 27 രൂപയ്ക്ക് പെയിന്റ് ചെയ്ത് ചിത്രം വരക്കുന്നതിന് തീരുമാനിച്ച്

വർക്ക് ഏൽപിച്ച് നൽകി.

പദ്ധതി ആസൂത്രണത്തിലെയും നടത്തിപ്പിലെയും അപാകതകൾ ചുവടെ കൊടുക്കുന്നു .

1.അങ്കണവാടികൾ പെയിന്റ് ചെയ്യുന്നതിനും ചിത്രം വരക്കുന്നതിനും പ്രത്യേകം തുക വകയിരുത്തി പ്രത്യേകം ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിച്ചില്ല.

2.പെയിന്റിംഗ് വർക്കുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ടി.എസ്.വാങ്ങിയില്ല.

3. കരാറുകാരൻ ചമച്ച കരാർ പ്രകാരം പ്രതലം ഏഷ്യൻ പെയിന്റ്സ് (വാട്ടർ ബെയ്സ്) അടിച്ച ശേഷം ICDS അംഗീകരിച്ച ചിത്രങ്ങൾ വരയ്ക്കുന്നതാണ് എന്ന് പറയുന്നു. എന്നാൽ ഇതിൽ ICDSസൂപ്പർവൈസർ ഒപ്പുവച്ചിട്ടില്ല.

4. പഞ്ചായത്തിൽ 34അംഗൻവാടികളുണ്ടെങ്കിലും ആകെ 22 അങ്കണവാടികൾക്കാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചതും നടപ്പിലാക്കിയതും. ബാക്കിയുള്ളവയ്ക്ക് നാളിതുവരെ പദ്ധതി ആസൂത്രണം ചെയ്തില്ല.

5. എ.ഇ യുടെ മെഷർമെന്റ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. എ.ഇ യുടെ ലഭ്യമാക്കിയ വാല്യേഷൻ സർട്ടിഫിക്കറ്റിൽ ഓരോ അംഗൻവാടിയിലും ആകെ എത്ര ഏരിയയാണ് പെയിന്റ് ചെയ്തത് എന്ന് മാത്രമാണ് ഉള്ളത്.

6.എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 1450 Sq.meter സ്ഥലത്ത് പെയിന്റ് ചെയ്തിട്ടുണ്ട്. വാട്ടർ ബേസ്ഡ് ഏഷ്യൻ പെയിന്റ്സ് ആണ് പ്രതലം പെയിന്റ് ചെയ്യാനെടുത്തത് എന്ന് കരാറുകാരൻ സമർപ്പിച്ച എഗ്രിമെന്റിൽ പറയുന്നു. എന്നാൽ അസി.എഞ്ചിനിയറുടെ വാല്യേഷൻ സർട്ടിഫിക്കറ്റിൽ ഏത് തരം പെയിന്റ് ആണ് വെള്ളപൂശാനും ചിത്രം വരയ്ക്കാനും ഉപയോഗിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടില്ല. പ്രൈസ് സോഫ്റ്റ് വെയറിലെ ഡാറ്റ 14.53- Wall Painting With Plastic Emulsion Paint Of Approved Brand And Manufacture To Give An Even Shade എന്ന ഇനം ഒരു സ്ക്വയർ മീറ്റർ ഏരിയ പെയിന്റ് ചെയ്യുന്നതിന് കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ 72.41 ആണ് റേറ്റ്. എന്നാൽ സമർപ്പിച്ച ടെണ്ടറിൽ ചിത്രം വരയ്ക്കുന്നതും ചുമർ വെള്ള പൂശുന്നതും ഏത് പെയിന്റ് ആണ് എന്ന് കാണിക്കുകയോ രണ്ട് പ്രവർത്തികളും പ്രത്യേക നിരക്ക് വച്ച് ടെണ്ടർ വിളിക്കുകയോ ചെയ്തിട്ടില്ല.

സാങ്കേതിക അറിവ് ആവശ്യമുള്ള ഇത്തരം പ്രവൃത്തികൾ എഞ്ചിനിയറിംഗ് വിഭാഗമായിരുന്നു നിർവ്വഹിക്കേണ്ടിയിരുന്നത്. പദ്ധതി ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും പിഴവും, അളവെടുപ്പിലെ സൂക്ഷ്മതക്കുറവും ഇവിടെ പ്രകടമാണ്. സർക്കാർ അംഗീകരിച്ച പ്രൈസ് സോഫ്റ്റ് വെയർ പ്രകാരം നിരക്ക് നിശ്ചയിച്ചിട്ടുള്ള ഇനം പ്രവൃത്തി ചെയ്യിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കാതെ ടെണ്ടർ ക്ഷണിച്ചത് പ്രകാരം അധിക ചെലവുണ്ടാവാനുള്ള സാധ്യത നിലനിൽക്കുന്നു. പ്രവൃത്തി നടന്ന എല്ലാ അങ്കണവാടികളും പരിശോധിക്കേണ്ടതും അളവെടുപ്പിന്റെ കൃത്യത പുനപരിശോധനക്ക് വിധേയമാക്കി വിവരം അറിയിക്കേണ്ടതുമാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 18/19-20 Dtd 28-02-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 പത്രപരസ്യം അനുവദനീയമായ ഡിസ്കൗണ്ട് പ്രയോജനപ്പെടുത്തിയില്ല.

2019-20 വർഷത്തിൽ ഏറാമല ഗ്രാമപഞ്ചായത്ത് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് നല്കിയ പത്ര പരസ്യ ചാർജ്ജ് ഇനത്തിലുള്ള ചെലവുകൾ പരിശോധിച്ചതിൽ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അർഹതയുണ്ടായിരുന്ന 15 ശതമാനം ഇളവ് പ്രയോജനപ്പെടുത്താതെയാണ് മാതൃഭൂമി പത്രത്തിന് തുക നല്കിയത് എന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ തീയതി | ആവശ്യം | തുക |
|---|---|---|---|
| 1 | 21.03.19 | ടെണ്ടർ/ലേല പരസ്യം | 8320 |

| | | | |
|---|---|---|---|
| 2 | 27.03.19 | ,, | 7456 |
| 3 | 27.03.19 | ,, | 6720 |
| 4 | 08.04.2019 | ,, | 8960 |
| 5 | 07.11.2019 | ,, | 11200 |
| 6 | 14.10.2019 | ,, | 13440 |
| 7 | 10.12.2019 | ,, | 15680 |
| 8 | 27.12.2019 | ,, | 15680 |
| 9 | 14.10.2019 | ,, | 8960 |
| 10 | 20.01.2020 | ,, | 11200 |
| 11 | 22.01.2020 | ,, | 11200 |

സ.ഉ.നം.17/(പി)ഐ.&പി.ആർ.ഡി/തീയതി 8.12.15 പ്രകാരം എ.ബി.സി സർക്കുലേഷനുള്ള പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് നിരക്ക് പരിഷ്ക്കരിച്ച് ഉത്തരവായിട്ടുണ്ട്. പരസ്യത്തിന്റെ ഉയരം സെന്റീമീറ്ററിലും വീതി കോളം അടിസ്ഥാനത്തിലും കണക്കാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് 15 ശതമാനം ഡിസ്കൗണ്ടും അനുവദിച്ചിട്ടുണ്ട്. ഈ ആനുകൂല്യം പ്രയോജനപ്പെടുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 31/2019-20/02.03.2022-ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള ഇളവ് ലഭ്യമാക്കി അടവാക്കി അറിയിക്കേണ്ടതാണ്.

## 1-23 സൂര്യറാന്തൽ വിതരണം GST ഇനത്തിൽ അധിക തുക നൽകി

ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അസിസ്റ്റന്റ് സെക്രട്ടറി നടത്തിയ (പ്രോജക്ട് നമ്പർ എസ്.ഒ.127/19-20) എസ്.സി കുടുംബങ്ങൾക്ക് സൂര്യറാന്തൽ വിതരണം എന്ന പദ്ധതി പ്രകാരം 42 കുടുംബങ്ങൾക്ക് 9700/- രൂപ വില വരുന്ന സൂര്യറാന്തൽ PROMINENT PERFECT SOLUTIONS, KOZHIKODE എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ ബിൽ പ്രകാരമുള്ള തുകകൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 42 സോളാർ ലൈറ്റിന്റെ വില | 345254.24 |
| GST CGST<br>SGST | 31072.83<br>31072.88 |

| | |
|---|---|
| ആകെ | 407400.00 |

10% ഗുണഭോക്തൃ വിഹിതമായ 40900/- രൂപ 28.03.19 തീയതിയിലും ബിൽ നമ്പർ 1/19-20 പ്രകാരം 366500/- രൂപ 27.04.19തീയതിയിലും കമ്പനിക്ക് കൈമാറിയിട്ടുണ്ട്. ഇത് പ്രകാരം ആകെ നൽകിയ 407400/- രൂപയിൽ റാന്തലിന്റെ വിലയുടെ 2% GST പഞ്ചായത്തിൽ നിന്നും 21.05.19 ന് TDS ആയി ഈടാക്കി അടച്ചിട്ടുണ്ട്.

എന്നാൽ 5% മാത്രം GST അടക്കേണ്ടുന്ന സൂര്യറാന്തലിന് PROMINENT PERFECT SOLUTIONS എന്ന കമ്പനി 18% എന്ന് കണക്കാക്കി നൽകുകയും ആയത് പ്രകാരമുള്ള തുക പഞ്ചായത്ത് കമ്പനിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. അധികം നൽകിയ തുകയുടെ കണക്ക് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 42 സൂര്യറാന്തലിന്റെ വില | 345254.24 |
| CGST 2.5% = 8631.38<br>SGST 2.5% = 8631.38 | 17262.76 |
| | 362517.00 |
| പഞ്ചായത്ത് കമ്പനിക്ക് ആകെ നൽകിയ തുക | 407400 |
| അധികം നൽകിയ തുക | 44883 |
| (കമ്പനി അടക്കേണ്ട 5% GST യിൽ 2% തുകയായ 6096/- പഞ്ചായത്ത് നേരിട്ട് ഒടുക്കിയിട്ടുണ്ട്.) | |

അധികം നൽകിയ തുകയായ 44883/-രൂപ 12% പലിശ സഹിതം കമ്പനിയിൽ നിന്നും തിരികെ ഈടാക്കുകയോ, അല്ലാത്തപക്ഷം നഷ്ടത്തിന് ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും ഈടാക്കി അതാത് ഫണ്ടുകളിലേക്ക് ഒടുക്കുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറിയ്ക്ക് ( 23/19-20 ) നൽകിയ 02-03-2022 ലെ B1-369/21 നമ്പർ മറുപടിയിൽ അധികം ഈടാക്കിയ 44883/-രൂപ PROMINENT PERFECT SOLUTIONSഎന്ന സ്ഥാപനം പഞ്ചായത്ത് ഫണ്ടിലേക്ക് 02-03-2022ൽ ഇ പെയ്മെൻ്റായി തിരികെ അടവാക്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ഈ തുകയിൽ 10% (Rs. 4488/-) ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾക്ക് തിരികെ നൽകുകയും ഇത് കഴിച്ചുള്ള ബാക്കി തുക (Rs. 40395/-) എസ്.സി.പി ഫണ്ടിലേക്ക് തിരിച്ച് അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-24 പഞ്ചായത്ത് പ്രദേശത്തെ അപകടാവസ്ഥയിലായ മരം മുറിച്ചത് - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

പഞ്ചായത്തിന്റെ 2019-20 വർഷ ഓഡിറ്റിന്റെ ഭാഗമായുള്ള തനത് ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ 17.04.2019 ലെ വൗച്ചർ നമ്പർ 21900067 പ്രകാരം അപകടാവസ്ഥയിലുള്ള മരം മുറിച്ചതിന് 7500/- രൂപ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുള്ളതായി കാണുന്നു. എന്നാണ് മരം മുറിച്ചതെന്നോ, എത്ര മരമാണ് മുറിച്ചത് എന്നോ, മുറിച്ച മരം എന്ത് ചെയ്തെന്നോ, മരം മുറിയ്ക്കുന്നതിന് വനം വകുപ്പിന്റെ അനുമതി വാങ്ങിയിട്ടുണ്ടോ എന്നീ കാര്യങ്ങൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (30/19-20 Dtd 02-03-2022) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നടപടിക്രമങ്ങൾ പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

1-25 ഹരിതസഹായ സ്ഥാപനത്തിന് തുക നൽകൽ-I.R.T.C. ലഭ്യമാക്കിയ സേവനങ്ങൾ സംബന്ധിച്ച വിവരം ലഭ്യമാക്കിയില്ല.

പ്രൊജക്ട് നമ്പർ- 209/20

വകയിരുത്തിയ തുക- 299988

ചെലവുതുക- 299988(Vr No21901342/14.3.20

ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേ ണ്ടതിലേക്കായി നിയോഗിച്ച ഹിരിത സഹായ സ്ഥാപനം എന്ന നിലയിൽ I.R.T.Cയെ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനവുമായി 24.7.19 ന് പഞ്ചായത്ത് കരാറിലേർപ്പെടുകയും നടത്തിപ്പ് തുക പ്രതിമാസം 24999 രൂപ പന്ത്രണ്ട് മാസത്തേക്ക് 2,99,988 നൽകുന്നതിനുള്ള പ്രൊജക്ട് പ്രകാരം തനത് ഫണ്ടിൽ നിന്നും മേൽ തുക പിൻവലിച്ച് കരാറിലേർപ്പെട്ട സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 2019 ഏപ്രിൽ മുതൽ 12 മാസത്തെ തുകയാണ് ഇങ്ങനെ നൽകിയിരിക്കുന്നത്. സ്ഥാപനവുമായി പഞ്ചായത്ത് സെക്രട്ടറി 24.7.19 ന് ഏർപ്പെട്ട കരാറുടമ്പടി പ്രകാരം ഹരിതകർമ്മസേനക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകുക, ഹരിത കേരള മിഷന്റെ മാർഗ നിർദ്ദേശങ്ങൾക്കനുസരിച്ച് വിവിധ പ്രചരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സമഗ്ര മാലിന്യ സംസ്കരണ വിശദാംശരേഖ തയ്യാറാക്കുക മുതലായ ഒട്ടനവധി ചുമതലകൾ സഹായ സ്ഥാപനമെന്ന നിലയിൽ I.R.T.Cയുടെ ചുമതലകളായി നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരം പ്രവർത്തനങ്ങളൊന്നും നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കാതെയാണ് സ്ഥാപത്തിന് തുക കൈമാറിയിരിക്കുന്നത്. എന്തെല്ലാം പ്രവർത്തങ്ങൾ നടത്തി എന്ന് വിശദമാക്കാതെ 11.1.21 ൽ തുക ആവശ്യപ്പെട്ട് കൊണ്ട് I.R.T.C നൽകിയ കത്തിൽ കഴിഞ്ഞ മാസങ്ങളിൽ ഗ്രാമപഞ്ചായത്തിൽ സ്ഥാപനം നടത്തിയ പ്രവർത്തനങ്ങളുടെയും , തുടർമാസങ്ങളിൽ നടപ്പിലാക്കാനുള്ള വിവിധ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് പരാമർശിക്കുന്നുണ്ടെങ്കിലും ആയത് ഉൾപ്പെടുത്താതെയാണ് തുക അനുവദിച്ചിരിക്കുന്നത്.

ഹരിതസഹായ സ്ഥാപനമെന്ന നിലയിൽ I.R.T.C പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും ആയതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക മറുപടി ലഭ്യമാക്കിയിട്ടില്ല. ആരോഗ്യം വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മറ്റി, ബന്ധപ്പെട്ട കുടിവെള്ളം, ശുചിത്വം വർക്കിംഗ് ഗ്രൂപ്പ് എന്നിവർ തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റുന്നതിൽ വന്ന വീഴ്ചയാണ് അപാകതക്ക് കാരണമായത്. I.R.T.Cയുമായി ഗ്രാമപഞ്ചായത്ത് എർപ്പെട്ട കരാറിൽ നിഷ്കർഷിച്ച ചുമതലകൾ നിറവേറ്റിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

1-26 കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രൊജക്കുകളിലെ അപാകതകൾ -

സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രൊജക്കുളിൽ ഭൂരിഭാഗവും യഥാസമയം ചെലവഴിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിനുള്ള കാലതാമസം മൂലം ക്യൂബിൽ ആയി മാറുകയാണ് ചെയ്തിരിക്കുന്നത്. സാമ്പത്തിക വർഷത്തിൽ ഇങ്ങനെ 1685238 രൂപയുടെ വിവിധ പ്രൊജക്കുകൾ പ്രകാരമുള്ള ബില്ലുകൾ കൃഷി ഓഫീസർക്ക് മാത്രം ക്യൂബിൽ ആയിട്ടുണ്ട്. 4 പ്രൊജക്കുകൾ പ്രകാരമാണ് ഭാഗികമായെങ്കിലും സാമ്പത്തിക വർഷം തുക ചെലവഴിച്ചിരിക്കുന്നത്. ഇപ്രകാരം ചെലവഴിച്ചിരിക്കുന്ന തുകകളുടെ കാഷ് ബിൽ, വിതരണ വിവരം, ഗുണഭോക്തൃലിസ്റ്റ് എന്നിവയൊന്നും

ലഭ്യമാക്കാതെ പ്രൊജക്ടുപ്രകാരം തുക സ്ഥാപനങ്ങൾക്ക് കൈമാറിയതിന്റെ രേഖകൾ മാത്രമെ പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളു. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

1)തെങ്ങിൻ തോട്ടത്തിൽ ഇളവിള കൃഷി -വാഴകന്നുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല .

പ്രൊജക്ട് നമ്പർ- 26/20

വകയിരുത്തിയ തുക- 240000

ബിൽനമ്പർ- 168480 (ബിൽ നമ്പർ 2/19-20തി 30.1.20)

തെങ്ങിൻ തോട്ടത്തിൽ ഇടവിള കൃഷി ചെയ്യുന്നതിലൂടെ ലഭ്യമായ കൃഷി സ്ഥലം പരമാവധി ഉപയോഗ പ്രദമാക്കുന്നതിനും അതുവഴി ഒരാൾക്ക് 15 വാഴക്കന്നുകൾ വീതം 15000 വാഴകന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള പ്രജക്ട് പ്രകാരം വാഴകന്നുകൾക്കായി 168480 രൂപ നിർഹണ ഉദ്യോഗസ്ഥ പിൻവലിച്ച് V.F.P.C.K ക്ക് കൈമാറിട്ടുണ്ട്. തുക കൈമാറിയതിന്റെ രേഖകളല്ലാതെ ചെലവഴിച്ചിരിക്കുന്ന തുകകളുടെ കാഷ് ബിൽ, വാഴക്കന്നുകളുടെ വിതരണ വിവരം, അംഗീകൃത ഗുണഭോക്തൃലിസ്റ്റ് എന്നിവയൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2) കേടായ തെങ്ങുകൾ മുറിച്ചുമാറ്റി പകരം തെങ്ങിൻ തൈകൾ നൽകൽ-തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഇല്ല .

പ്രൊജക്ട് നമ്പർ- 24/20

വകയിരുത്തിയ തുക- 3480000

ചെലവുതുക- 36000(ബിൽ നമ്പർ 19-19-20 തി 30.3.20)

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കേടുവന്ന തെങ്ങുകൾ മുറിച്ചുമാറ്റി, ആയതിനുള്ള കൂലിചെലവ് നൽകുന്നതിനും ആവശ്യമായ തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതിനുമുള്ള മേൽ പ്രൊജക്ട് പ്രകാരം തെങ്ങിൻ തൈകളുടെ വിലയിനത്തിൽ 36000 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് V.F.P.C.K ക്ക് കൈമാറിട്ടുണ്ട് തുക കൈമാറിയതിന്റെ രേഖകളല്ലാതെ തെങ്ങിൻ തൈകളുടെ കാഷ് ബിൽ, തൈകളുടെ വിതരണ വിവരം, അംഗീകൃത ഗുണഭോക്തൃലിസ്റ്റ് എന്നിവയൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3)ഗൃഹാങ്കണ പച്ചക്കറി കൃഷി ഗ്രോബാഗിൽ-വിതരണ വിവരം അനുബന്ധ രേഖകൾ എന്നിവ ലഭ്യമല്ല.

പ്രൊജക്ട് നമ്പർ- 28/20

വകയിരുത്തിയ തുക- 300000

ചെലവ് തുക- 100000(Order No 249/26.2.20)

ഗൃഹാങ്കണ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഒരാൾക്ക് 10 വീതം 500 വനിതകൾക്ക് 5000 ഗ്രോബാഗുകൾ 75% സബ്സിഡി ഇനത്തിൽ ഗ്രോ ബാഗുകൾ വിതരണം ചെയ്യുന്നതിന് ഗ്രോ ബാഗുകൾക്കായി ഏറാമല സർവീസ് സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് ഗ്രോ ബാഗുകൾ വിതരണം ചെയ്തതിന്റെ രേഖകൾ, ആയതിന്റെ കാഷ് ബിൽ, അംഗീകൃത ഗുണഭോക്തൃലിസ്റ്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

വിവിധ പ്രൊജക്ടുകൾ പ്രകാരം വിതരണം ചെയ്ത വാഴക്കന്നുകൾ, തെങ്ങിൻ തൈകൾ, ഗ്രോബാഗുകൾ എന്നിവയുടെ വിതരണ വിവരത്തിന്റെ അഭാവത്തിൽ ചെലവുതുക 3,04,480 രൂപ തടസ്സത്തിൽ വെക്കുന്നു.

1-27 കാർഷിക മേഖലയിൽ യഥാസമയം പ്രൊജക്ടുകൾ നടപ്പിലാക്കാത്തതുമൂലം ചെലവുതുക പാഴാവുന്നു.

കാർഷിക മേഖലയിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ പ്രൊജക്ടുകളെല്ലാം തന്നെ നടപ്പിലാക്കിയത് ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ്. കാലാവസ്ഥക്ക്

അനുസരിച്ച് കർഷകർക്ക് ആവശ്യമായ സമയത്ത് വിത്തുകളും വളങ്ങളും ലഭിക്കാത്തത് മൂലം പ്രൊജക്റ്റുകൾകൊണ്ട് ഉദ്ദേശിച്ച ഫലം ലഭ്യമാക്കാതെ കാർഷിക മേഖലയിൽ ചെലവഴിക്കുന്ന തുക പാഴ് ചെലവായി മാറുന്ന അവസ്ഥ സംജാതമാകുന്നു. ഉദാഹരണത്തിന് സമഗ്രനാളീകേര വികസന പദ്ധതി പ്രകാരം തെങ്ങിന് വളപ്രയോഗത്തിന് വളം നൽകിയിരിക്കുന്നത് തെങ്ങ് വള പ്രയോഗത്തിന് ഒട്ടും അനുയോജ്യമല്ലാത്ത മാർച്ച് മാസത്തിലാണ്. അതുപോലെ ഇടവിളകൃഷിക്കായി വാഴക്കന്നുകൾ നൽകിയിരിക്കുന്നത് ഫെബ്രുവരി മാസത്തിലാണ്. മുറിച്ചുമാറ്റിയ തെങ്ങുകൾക്ക് പകരമായി തെങ്ങിൻ തൈകൾ നൽകിയിരിക്കുന്നതും മാർച്ച് മാസത്തിലാണ്. കാർഷിക മേഖലയിലെ പ്രൊജക്റ്റുകൾ കൃഷിക്ക് അനുയോജ്യമായ സമയത്ത് നടപ്പിലാക്കാതെ തുക ചെലവഴിക്കുക എന്ന ഉദ്ദേശത്തിന് മാത്രമായി പരിമിതപ്പെടുത്തുന്നതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നിർവഹണ ഉദ്യോഗസ്ഥ,കാർഷിക മേഖലയിലെ പ്രൊജക്റ്റുകൾ മോണിട്ടർ ചെയ്യേണ്ട കൃഷി, അനുബന് ധമേഖലകളും വർക്കിംഗ് ഗ്രൂപ്പ്, മേൽനോട്ട ചുമതലയുള്ള വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റി എന്നിവക്കുണ്ടായ വീഴ്ചയാണ് അപാകതക്ക് കാരണമായത് . അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-28 ബഡ്സ് സ്കൂൾകെട്ടിടത്തിന് വാടകനൽകൽ- സ്വന്തം കെട്ടിട നിർമ്മാണത്തിന് നടപടിയായില്ല.

പ്രൊജക്ട് നമ്പർ- 112/19-20

വകയിരുത്തിയ തുക- 41916

ചെലവുതുക- 41916 (Ch.no 037596 Dt 21.12.19)

ഗ്രാമപഞ്ചായത്തിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിന്റെ 2019 ഏപ്രിൽ മുതൽ 2020 മാർച്ച് വരെയുള്ള വാടക നൽകുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. പഞ്ചായത്തിലെ ഏഴാം വാർഡിൽ സ്ഥിതി ചെയ്യുന്ന 219 നമ്പർ കെട്ടിടത്തിലാണ് ബഡ്സ് സ്കൂൾ 2011 മുതൽ പ്രവർത്തിച്ചുവരുന്നത്. ഗ്രാമപഞ്ചായത്ത് എ.ഇ. 5.12.17 ൽ താൽകാലികമായി നിർണയിച്ച് നൽകിയ പ്രതിമാസം 3493 രൂപയാണ് സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പിൽ നിന്നും വാടക നിർണയിച്ച് ലഭിക്കാൻ 5.12.17 ൽ ഭരണസമിതി തീരുമാനം കൈകൊണ്ടതായി കാണുന്നുണ്ടെങ്കിലും നാളിതുവരെ വാടക നിർണയിച്ച് ലഭിച്ചതായി കാണുന്നില്ല. അതിനായി കത്തയച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല. കെട്ടിട ഉടമക്ക് വാടക അനുവദിച്ചുനൽകിയതല്ലാതെ നാളിതുവരെ വാടക നൽകിയതിന്റെ വിശദവിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാടകകുടിശ്ശിക ഇനത്തിൽ തുക നൽകാനുണ്ടോ എന്ന് വ്യക്തമല്ല. പഴകിയ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂൾ കെട്ടിടത്തിന് സ്വന്തമായ കെട്ടിട നിർമ്മാണത്തിന് നടപടികൾ നാളിതുവരെ ആയിട്ടില്ല. 2014 മാർച്ച് മാസത്തിൽ ഓർക്കാട്ടേരി ചന്ത കമ്മറ്റിയുടെ പേരിലുള്ള 12.5 സെന്റ് സ്ഥലം സ്കൂൾ നിർമ്മാണത്തിനായി പഞ്ചായത്തിന് നൽകിയിട്ടുണ്ടെങ്കിലും ഭൂമി സബ്ഡിവിഷൻ നൽകി കിട്ടാത്തതിനാലും, തരം മാറ്റി ലഭിക്കാത്തതിനാലും കെട്ടിടനിർമ്മാണത്തിനുള്ള നടപടികൾ ഒന്നും തന്നെ നടന്നതായി കാണുന്നില്ല. 2017-18 ൽ ജില്ലാപഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണത്തിന് ലഭ്യമായ 10 ലക്ഷം രൂപ നിലവിലും ചെലവഴിക്കാൻ കഴിയാതെ പഞ്ചായത്തിൽ അവശേഷിക്കയാണ്. 2021-22 സാമ്പത്തിക വർഷത്തിൽ ബഡ്സ് സ്കൂൾ നിർമ്മാണം എന്ന പേരിൽ വിവിധ ഫണ്ടുകളിലായി 38 ലക്ഷം രൂപ വകയിരുത്തി പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും മേൽ പറഞ്ഞ പ്രകാരം ഭൂമി തരംമാററി ലഭിക്കാത്തതിനാലും,ആവശ്യമായ മണ്ണ് പരിശോധന സാക്ഷ്യപത്രം ലഭിക്കാത്തതിനാലും നിർമ്മാണം അനിശ്ചിതാവസ്ഥയിൽ തുടരുകയാണ്. നിലവിൽ ബഡ്സ് സ്കൂൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടം ആയതിന് ഉപയോഗപ്രദമല്ലാത്തതിനാൽ ആയതും ഉപേക്ഷിക്കേണ്ട അവസ്ഥയിലാണെന്ന് ബഡ്സ് സ്കൂൾടീച്ചർ അറിയിച്ചു. ബഡ്സ് സ്കൂൾ പ്രവർത്തന ക്ഷമമാക്കാൻ നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കേണ്ടതും, പുതിയകെട്ടിടനിർമ്മാണം ആരംഭിക്കുന്നതിന് കൈകൊണ്ടുവരുന്ന നടപടികൾ അറിയിക്കേണ്ടതുമാണ്.

1-29 പഞ്ചായത്ത് ഓഫീസിന് വാഹനം വാങ്ങൽ- യഥാസമയം നടപടിൾ കൈകൊള്ളുന്നതിലെ വീഴ്ച മൂലം സ്ഥാപനത്തിന് വാഹനമില്ലാത്ത അവസ്ഥ സംജാതമായി.

പ്രൊജക്ട് നമ്പർ- 193/19-20

വകയിരുത്തിയ തുക- 1200000

ചെലവുതുക- ഇല്ല

നിർവഹണം - സെക്രട്ടറി

പഞ്ചായത്തിൽ നിലവിലുള്ള വാഹനം കാലപ്പഴക്കം മൂലം കേടുപാടുകൾ സംഭവിക്കുന്നതിനാൽ പഞ്ചായത്ത് ഓഫീസിൽ വാഹനം വാങ്ങൽ പ്രൊജക്ട് 2018-19 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കാൻ രൂപീകരിച്ചതാണ്. ആ വർഷം വാങ്ങാൻ കഴിയാത്തതിനാൽ 2019-20 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയെങ്കിലും തുകയൊന്നും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന്റെ നിലവിലുണ്ടായ വാഹനത്തിന്റെ ലോഗ് ബുക്ക് (K.L.18D-1349) പരിശോധിച്ചതിൽ 23.12.2021 വരെ മാത്രമെ വാഹനം ഓടിയതായി കാണുന്നുള്ളൂ. പ്രസ്തുത വാഹനവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചചിൽ ആയതിന് 8-11.21ൽ പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അൺ എക്കണോമി സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 7.12.21ൽ പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗം അസി.എഞ്ചീനീയർ ലേലം ചെയ്ത് വിൽപനനടത്തുന്നതിന് ആയതിന്റെ വാല്യോഷൻ ലഭ്യമാക്കുകയും ടെയ്തിട്ടുണ്ട് നിലവിൽ ഓഫീസ് വാഹനം ഇല്ലാത്ത പ്രയാസം അനുഭവിക്കുന്നുണ്ടെന്ന് മാത്രമല്ല വാഹനം വാങ്ങുന്നതിന് പ്രൊജക്ടുപോലും പഞ്ചായത്തിൽ ഇല്ലാത്ത അവസ്ഥയാണുള്ളത്. 5.2.22 ൽ നിലവിലുള്ളവാഹനം ലേലം ചെയ്യുന്നതിനും,പുതിയത് വാങ്ങിക്കുന്നതിനു അനുമതിക്കുമായി പഞ്ചായത്ത് ഡയറക്ടർക്ക് കത്ത് നൽകിയല്ലാതെ ആയതിൽ പിന്നീട് നടപടികളൊന്നും കൈകൊണ്ടു കാണുന്നില്ല. പഞ്ചായത്തിൽ നിലവിൽ ഒരു ഡ്രൈവറുടെ സ്ഥിരം തസ്തിക ഉണ്ട്. വാഹനം ഇല്ലാതിരുന്നിട്ടും ഇപ്പോഴും ഡ്രൈവർക്ക് ശമ്പളം നൽകേണ്ട അവസ്ഥ പഞ്ചായത്തിൽ നിലനിൽക്കുന്നു. പഞ്ചായത്തിന്റെ നിലവിലുണ്ടായിരുന്ന വാഹനം ഖണ്ഡം ചെയ്ത് ഒഴിവാക്കി പുതിയ വാഹനം വാങ്ങാൻ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കഴിഞ്ഞ വർഷങ്ങളിൽ യഥാസമയം നടപടികളൊന്നും ഉണ്ടാവാത്തതാണ് ഇപ്രകാരം സാഹചര്യം പഞ്ചായത്തിൽ ഉണ്ടാവാൻ കാരണം. അപാകതക്ക് കാരണം വിശദമാക്കുന്നതോടൊപ്പം വാഹനം വാങ്ങിക്കുന്നതിന് നിലവിൽ പഞ്ചായത്ത് കൈകൊണ്ടു വരുന്ന നടപടികൾ അറിയിക്കേണ്ടതുമാണ്.

1-30 സെക്രട്ടറി മുഖേന വിവിധ ഏജൻസികൾക്ക് കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം വിവിധ സ്ഥാപനങ്ങളിൽ അടവാക്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

| പ്രൊജക്ടു നമ്പർ/പേര് | അടവാക്കിയ തുക | അടവാക്കിയ സ്ഥാപനം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1/19-20 I.K.M. വിഹിതം നൽകൽ | 68213 (ബിൽ നമ്പർ-7/19-20 തി 20.8.19 | I.K.മിഷൻ തിരുവനന്തപുരം | വിനിയോഗവിവരം ലഭ്യമല്ല. |
| 4/19-20-S.S.A.വിഹിതം നൽകൽ | 1530000 (ബിൽ നമ്പർ-11/19-20 തി 19-9-19) | S.S.K കോഴിക്കോട് | ഇനംതിരിച്ചുള്ള വിനിയോഗവിവരം ലഭ്യമല്ല. |
| 61/19-0സ്നേഹസ്പർശം ജി. പ തുക നൽകൽ | 300000 | കിഡ്നി പേഷ്യന്റ് വെൽഫയർ സൊസൈറ്റി -കോഴിക്കോട് | വിനിയോഗവിവരം ലഭ്യമല്ല. |

മേൽ തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

## 1-31 വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കി മാറ്റുന്നതിന് ലഭിച്ച തുക വിനിയോഗിച്ചില്ല

| | |
|---|---|
| പ്രൊജക്ട് | വീട് വാസയോഗ്യമാക്കൽ(ജനറൽ)- പ്രൊജക്ട് നം.08/2019-20 |
| നിർവ്വഹണഉദ്യോഗസ്ഥ | വി.ഇ.ഒ |
| ചെലവ് | വികസന ഫണ്ട്(ജനറൽ)-13,03,467/-<br>തനത് ഫണ്ട്-8,46,533/-<br>1/2019-20/23.09.2019-50,000/-<br>2/2019-20/14.10.2019-2,50,000/-<br>3/2019-20/14.10.2019-1,00,000/-<br>5/2019-20/26.10.2019-2,00,000/-<br>6/2019-20/12.11.2019-2,00,000/-<br>7/2019-20/20.12.2019-5,03,467/-<br>ചെക്ക്.നം.5018130/29.01.2020-1,50,000/-<br>ചെക്ക്.നം.5018135/01.02.2020-1,96,533/-<br>ചെക്ക്.നം.5018151/28.02.2020-3,00000/-<br>ചെക്ക്.നം.5018153/30.03.2020-2,00000/-<br>ആകെ-21,50,000/- |

വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കി മാറ്റുന്നതിന് ഒന്നാം ഗഡുവായി 50,000/- രൂപ 07.01.2020-ന് കൈപ്പറ്റിയ ശ്രീ. സുനിൽകുമാർ, കൊടലിൽ എന്ന ഗുണഭോക്താവ് (വാർഡ് -4,വീട്ട് നമ്പർ 4/331) നാളിതുവരെ രണ്ടാം ഗഡു കൈപ്പറ്റാത്തത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 25.02.2022 -ന് പഞ്ചായത്ത് അധികൃതരൊടൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ അദ്ദേഹം ഈ തുക ഈ ആവശ്യത്തിന് ഉപയോഗിക്കാതെ പകരം ആ ഭവനം പൊളിച്ച് പുതിയ വീട് നിർമ്മിച്ചു കൊണ്ടിരിക്കുന്നതായി കണ്ടു. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.7(6) പ്രകാരം സ.ഉ (കൈ) നം.22/2018/തസ്വഭവ തീയതി 14.02.2018) വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കി മാറ്റുന്നതിന് ലഭിച്ച തുക ആ ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ. ആയതിനാൽ പദ്ധതിയിൽ ലഭിച്ച തുക

നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗിക്കാത്തത് സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.3 പ്രകാരം സബ്ഡിഡി മാനദണ്ഡങ്ങളുടെ ലംഘനവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവ്യയവുമാണ്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.17/2019-20/28.02.2022-ന് മറുപടി ലഭ്യമാക്കിയില്ല. ഫണ്ട് യഥാവിധി വിനിയോഗിക്കാത്തത് നാളിതുവരെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടാതിരുന്നതിന് വീഴ്ചയാണ്. ജി.ഒ(പി) 419/2011/ധനം തീയതി 04.10.2011 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 18% പലിശ നിരക്കിൽ തിരികെ സഞ്ചിത നിധിയിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതിന്റെ വിശദാംശം താഴെകൊടുക്കുന്നു.

07.01.2020 മുതൽ 28.02.2022 വരെ 783 ദിവസത്തേക്ക് ഈടാക്കേണ്ട പലിശ

=50000 X 18/100 X 783/365=19,307/-

ആയതിനാൽ മുതൽ സഹിതം ആകെ ഈടാക്കേണ്ട തുക= 50,000+19307=69,307/-.
തുക ഈടാക്കി തിരികെ സഞ്ചിത നിധിയിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

1-32 ലക്ഷങ്ങൾ മുടക്കി നിർമ്മിച്ച ജൈവ-അജൈവ മാലിന്യ സംസ്കരണ പ്ലാന്റ് ലക്ഷ്യം കണ്ടില്ല-കാര്യക്ഷമമായ പ്രവർത്തനം അനിവാര്യം

പഞ്ചായത്തിൽ സമ്പൂർണ്ണ മാലിന്യസംസ്കരണം നടപ്പിലാക്കുക വഴി ഹരിതകർമ്മസേന പ്രവർത്തകർക്ക് ജൈവ മാലിന്യങ്ങൾ സംസ്കരിച്ച് വളമാക്കി മാറ്റി വിൽപ്പന നടത്തിയും അജൈവ മാലിന്യങ്ങൾ സംസ്കരിക്കരിച്ച് ഉപോൽപ്പന്നങ്ങളാക്കി മാറ്റി അവ വിൽപ്പന നടത്തിയും വരുമാനം കണ്ടെത്തുന്നതിനും ബയോഗ്യാസ്സ് പ്ലാന്റ് സ്ഥാപിച്ച് ഊർജ്ജ സ്രോതസ്സ് കണ്ടെത്തുന്നതിനും ഉദ്ദേശിച്ച് ഐ.ആർ.ടി.സി , പാലക്കാട് എന്ന സ്ഥാപനം മുഖേന 2016-17,2017-18 വർഷങ്ങളിലായി 39,92,760/- രൂപ മുടക്കി സ്ഥാപിച്ച ജൈവ-അജൈവ സംസ്കരണപ്ലാന്റ് (ഇതിൽ 11,50,000/- രൂപ ഒരു വർഷത്തേക്ക് പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് ഐ.ആർ.ടി.സി-ക്ക് നൽകിയ തുകയാണ്) നാളിതുവരെ ലക്ഷ്യം കൈവരിച്ചിട്ടില്ല. പ്ലാന്റ് ഒരു വർഷത്തേക്ക് ശരിയായ രീതിയിൽ പ്രവർത്തിപ്പിച്ച് കൈമാറേണ്ടത് അക്രഡിറ്റഡ് ഏജൻസിയുടെ ചുമതലയാണ്.

പ്ലാന്റിൽ പഞ്ചായത്ത് അധികൃതരൊടൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ജൈവ വളം പ്ലാന്റിനകത്ത് കൂട്ടിയിട്ടിരിക്കുന്നു.

നിലവിൽ പ്ലാന്റിൽ പരിമിതമായ തോതിലേ ജൈവവളം ഉത്പ്പാദിപ്പിക്കുന്നുള്ളൂ. ഇതിന്റെ ഗുണനിലവാരം ഉറപ്പുവരുത്തി വിൽപ്പന നടത്തുന്നതിന് നാളിതുവരെ ലൈസൻസ് നേടുന്നതിനും മാർക്കറ്റ് കണ്ടെത്തുന്നതിനും ബന്ധപ്പെട്ടവർക്ക് നാളിതുവരെ സാധിച്ചിട്ടില്ലാത്തതിനാൽ ഇതു പോലും പ്ലാന്റിനകത്ത് കൂട്ടിയിട്ടിരിക്കുകയാണ്. ചെറിയതോതിൽ ലോക്കൽ മാർക്കറ്റിൽ വിൽപ്പന നടത്തുന്നുണ്ടെന്ന് ഹരിത കർമ്മസേന പ്രവർത്തകർ സ്ഥലപരിശോധന വേളയിൽ അറിയിച്ചു. യൂസർഫീ കൃത്യമായി കിട്ടുന്നില്ലെന്നും പല കടകളും മാലിന്യം ഹരിതകർമ്മസേനയ്ക്ക് കൈമാറാതെ അലക്ഷ്യമായി ഇടുന്നുണ്ടെന്നും ഹരിത കർമ്മസേ പ്രവർത്തകർ സ്ഥലപരിശോധന വേളയിൽ പരാതി അറിയിച്ചു.

2) പ്ലാന്റിനകത്തും പുറത്തും അജൈവ മാലിന്യങ്ങൾ ചാക്കിൽ നിറച്ച് കൂട്ടിയിട്ടിരിക്കുന്നു

പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള അജൈവ മാലിന്യങ്ങളുടെ സംസ്കരണം, ഉപോൽപ്പന്നങ്ങളാക്കി മാറ്റുക എന്നീ പ്രവർത്തനങ്ങൾ നടക്കുന്നില്ല. അവയുടെ തരം തിരിക്കലും കയറ്റി അയക്കലും മാത്രമേ നടക്കുന്നുള്ളൂ. പ്ലാന്റിനകത്തും പുറത്തും അജൈവ മാലിന്യങ്ങൾ ചാക്കിൽ നിറച്ച് കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. അജൈവമാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യുന്നില്ലായെന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്.

3) പ്ലാന്റിൽ തീപ്പിടുത്ത മുൻകരുതൽ സംവിധാനങ്ങൾ ഒരുക്കിയില്ല

സ.ഉ(ആർ.ടി)113/2021/തസ്വഭവ തീയതി 16.01.2021, സർക്കുലർ നം. 4/ഡിസി1/ 2021/തസ്വഭവ തീയതി 11.10.2021, സർക്കുലർ നം.ഡബ്യു.എം.1/40/2022/02.02.2022 എന്നിവ പ്രകാരം എം.സി.എഫുകളിൽ ഒരുക്കേണ്ട തീപിടുത്ത മുൻകരുതൽ സംവിധാനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പിന്റെ നിരാക്ഷേപ പത്രം ലഭ്യമാക്കുക, ഫയർ ഓഡിറ്റ്, ഇലക്ട്രിക്കൽ ഓഡിറ്റ് നടത്തുക, 250-500 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക്, പ്രഷർ പമ്പ് സ്ഥാപിക്കുക, തീപ്പിടുത്തമുണ്ടാകുമ്പോൾ അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ച് ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് മുഖേന ഹരിത കർമ്മസേന പ്രവർത്തകർക്ക് പരിശീലനം നൽകുക, പാഴ്വസ്തുക്കൾ സമയബന്ധിതമായി നീക്കം ചെയ്യുക എന്നീ കാര്യങ്ങൾ കൃത്യമായി ചെയ്യേണ്ടതാണ്. എന്നാൽ ജൈവ-അജൈവ മാലിന്യ സംസ്കരണ പ്ലാന്റിൽ തീപ്പിടുത്ത മുൻകരുതൽ സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല.

നിർവ്വഹണ ഏജൻസിയായ ഐ.ആർ.ടി.സി-ക്ക് പദ്ധതി പ്രകാരമുള്ള മുഴുവൻ തുകയും നൽകിയെങ്കിലും പ്ലാന്റ് നിലവിലും പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുകയോ പദ്ധതി ലക്ഷ്യം കൈവരിക്കുകയോ ചെയ്തിട്ടില്ല. .

പദ്ധതി നടത്തിപ്പ് സംബന്ധിച്ച അപാകതകൾ ചൂണ്ടിക്കാട്ടികൊണ്ടും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ഭാഗത്തുനിന്നും കാര്യക്ഷമമായ ഇടപെടലുകൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞും ഓഡിറ്റ് 2017-18 വർഷത്തെ റിപ്പോർട്ടിലൂടെ(ഖണ്ഡിക 3-6) വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നുവെങ്കിലും നിലവിലും പദ്ധതി ലക്ഷ്യം കണ്ടില്ലായെന്നത് ഗൌരവമായി കാണുന്നു.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 15/2019-20/02.03.2022) മറുപടി ലഭ്യമാക്കിയില്ല.

ജൈവവളം വിൽപ്പന നടത്തുന്നതിന് നാളിതുവരെ ലൈസൻസ് നേടാൻ കഴിയാത്തത് വീഴ്ചയായി കാണുന്നു. ഉത്പ്പാദിപ്പിക്കുന്ന വളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തി നിയമാനുസൃത ലൈസൻസ് നേടി മാർക്കറ്റ് കണ്ടെത്തുന്നതിൽ ഹരിതകർമ്മസേനയുടെയും പഞ്ചായത്തിന്റെയും ഭാഗത്തു നിന്ന് കൂടുതൽ ക്രിയാത്മക പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതാണ്.

ഹരിതകർമ്മസേനയുടെ മാലിന്യസംസ്കരണ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളെ പൂർണ്ണബോധവാൻമാരാക്കി പ്രവർത്തനങ്ങളിൽ അവരുടെ ഭാഗത്തുനിന്ന് ക്രിയാത്മക സഹകരണം കൊണ്ടുവരുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. സ.ഉ(സാധാ)നം. 1496/2020/തസ്വഭവ തീയതി 12.08.2020 ഖണ്ഡിക 18 പ്രകാരം യൂസർഫീ നൽകാത്ത സ്ഥാപനങ്ങളിൽ നിന്നും യൂസർഫീ ലഭ്യമാക്കുന്നതിൽ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്. മാലിന്യം അലക്ഷ്യമായി നിക്ഷേപിക്കുന്നവർക്കെതിരെ ആരോഗ്യവിഭാഗം കേരളപഞ്ചായത്തീരാജ് ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്. മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ഹരിതകർമ്മസേനകളുടെ പ്രവർത്തനത്തിൽ സ.ഉ(ആർ.ടി)നം.949/2021/തസ്വഭവ തീയതി 05.05.2021 പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ കൃത്യമായ ഇടപെടൽ നടത്തേണ്ടതാണ്. ജൈവ-അജൈവ മാലിന്യസംസ്കരണപ്ലാന്റ് പൂർണ്ണമായ തോതിൽ പ്രവർത്തിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്

അജൈവമാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പ്ലാന്റിൽ തീപ്പിടുത്ത മുൻകരുതൽ സംവിധാനങ്ങൾ ഒരുക്കേണ്ടതും പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പിൽ നിന്ന് നിരാക്ഷേപപത്രം ലഭ്യമാക്കേണ്ടതുമാണ്.

## 1-33 അഗതിരഹിത കേരളം പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല

അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖയായ സ.ഉ. (എം.എസ്.) 252/2017/ത.സ്വ.ഭ.വ. തീയതി 12.12.2017 പ്രകാരം പഞ്ചായത്തിൽ വളരെ ക്ലേശമനുഭവിക്കുന്ന 54 അഗതി കുടുംബങ്ങളാണുള്ളത്.

പഞ്ചായത്തിലെ അഗതികളായ മുഴുവൻ ആളുകളെയും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതും അവർക്ക് ആവശ്യമായ ഭക്ഷണം, ഭൂമി,വീട്, ചികിത്സ, വിദ്യാഭ്യാസം, കുടിവെള്ളം എന്നീ പ്രാഥമിക ആവശ്യങ്ങൾക്കും, തൊഴിൽ പരിശീലനത്തിനുമുള്ള ഫണ്ട് വകയിരുത്തി അവ ഒരുക്കി കൊടുത്ത് അവരെ മൂന്ന് വർഷം കൊണ്ട് (2021-22 കാലയളവിനുള്ളിൽ) സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെയും കുടുംബശ്രീമിഷന്റെയും ഉത്തരവാദിത്വമാണ്.

പദ്ധതി നടപ്പിലാക്കുന്നതിനായി കുടുബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടറുടെ 09.03.2019-ലെ കെഎസ്/എൽ/513/2019 ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾക്ക് ഭക്ഷണം, വീട്, ചികിത്സ,ഭൂമി,വസ്ത്രം,ഭവന പുനരുദ്ധാരണം,മെഡിക്കൽ ക്യാമ്പ് എന്നീ ഇനങ്ങളിലായി 71,93,615/- രൂപയുടെ പദ്ധതിക്കാണ് അനുമതി ലഭിച്ചത്. മേൽ ഉത്തരവ് പ്രകാരം ചലഞ്ച് ഫണ്ടിന്റെ (40 %-ന്റെ) ഒന്നാം ഗഡുവായി 3,89,944/-രൂപ അനുവദിക്കുകയും( മുൻബാക്കി അടക്കം6,45,905/-രൂപ) ആയത് സി.ഡി.എസ്.ന്റെയും അക്കൗണ്ടിൽ വരവ് വെയ്ക്കുകയും ചെയ്തു (സിൻഡിക്കേറ്റ് ബാങ്കിന്റെ 44072200083145 -ാം നമ്പർ അക്കൌണ്ടിൽ).

അഗതി കുടുംബങ്ങൾക്ക് ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസം എന്നിവ ലഭ്യമാക്കുന്നതിന് കുടുബശ്രീ ചലഞ്ച് ഫണ്ടും വീട്, വീട് പുനരുദ്ധാരണം, ഭൂമി തുടങ്ങിയവയ്ക്കായി പദ്ധതി വിഹിതവുമാണ് വകയിരുത്തേണ്ടത്.

പദ്ധതി നടത്തിപ്പ് സംബന്ധിച്ച അപാകതകൾ താഴെപ്പറയുന്നു

1)പദ്ധതി ചെലവ് തുച്ഛം

ഓഡിറ്റിന് സി.ഡി.എസ് ഹാജരാക്കിയ രേഖകൾ പ്രകാരം 01/2022 വരെ ഭക്ഷ്യ വിതരണത്തിന് 5,47,801/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചികിത്സക്കും വിദ്യാഭ്യാസത്തിനും തുകയൊന്നും ചെലവഴിച്ചില്ല. കുടുംബശ്രീ ചലഞ്ച് ഫണ്ടിനത്തിൽ ഒന്നാം ഗഡുവായി ലഭിച്ച തുക പോലും പൂർണ്ണമായി ചെലവഴിക്കാൻ നാളിതുവരെ സാധിച്ചിട്ടില്ല.

2)വീടില്ലാത്ത ഭൂരിഭാഗം അഗതികൾക്കും വീട് നിർമ്മിച്ച് നൽകിയില്ല

കുടുംബശ്രീ മിഷന്റെ ലിസ്റ്റ് പ്രകാരം 7 ഗുണഭോക്താക്കൾക്ക് വീടിന് പഞ്ചായത്ത് , പദ്ധതി വിഹിതമായി 28,00000/-രൂപ വകയിരുത്തേണ്ടതാണെങ്കിലും നിലവിൽ ഒരു ഗുണഭോക്താവിന് മാത്രമേ വീട് ലഭ്യമാക്കിയിട്ടുള്ളൂ.

3) പദ്ധതി നടത്തിപ്പിലേക്കാവശ്യമായ നിർബന്ധിത ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതം (യഥാക്രമം 10%,15%) തൻ വർഷം ലഭ്യമായില്ല.

4) പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 5 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായിട്ടുള്ള ഉപസമിതി പദ്ധതി മോണിറ്റർ ചെയ്യേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയോ പദ്ധതി നടത്തിപ്പ് യഥാസമയം അവലോകനം ചെയ്യുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിലെ കുടുംബശ്രീ സംവിധാനത്തിന്റെ പ്രവർത്തനം അവലോകനം ചെയ്യാൻ 13.11.2019 ലും 25.10.2021- ചേർന്ന യോഗങ്ങളിൽ അഗതി രഹിതകേരളം പദ്ധതിയിലെ ഭക്ഷ്യവിതരണത്തെക്കുറിച്ച് പരാമർശമുണ്ട്.

അഗതിരഹിത കേരളം പദ്ധതി നടത്തിപ്പ് സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.13/2019-20/28.02.2022) മറുപടി ലഭ്യമാക്കിയില്ല. കൃത്യവും കാര്യക്ഷമവുമായ മോണിറ്ററിംഗ് സംവിധാനത്തിന്റെ അഭാവം മൂലമാണ് സമൂഹത്തിന്റെ സവിശേഷ പരിഗണ അർഹിക്കുന്ന ഈ വിഭാഗത്തിന് അർഹമായ ഫണ്ട് ചലഞ്ച് ഫണ്ടും പദ്ധതി പണവും വകയിരുത്തി ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യം സംജാതമായത്. അഗതികളുടെ സമഗ്രമായ വികസനത്തിന് ലഭിച്ച വിവിധ ഫണ്ടുകൾ പാഴായി പോകാതെ വകയിരുത്തി ചെലവഴിക്കുന്നതിന് അടിയന്തിരമായ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു. അഗതികളുടെ വീട്, ചികിത്സ, വിദ്യാഭ്യാസം തുടങ്ങിയ വിവിധ ക്ലേശഘടകങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

1-34 ഒന്നാം ഗഡു ലഭിച്ച് നാല് വർഷത്തോളമായിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല- കൃത്യമായ മോണിറ്ററിംഗ് ഇല്ല

| | |
|---|---|
| പ്രൊജക്ട് | ലൈഫ് രണ്ടാം ഘട്ടം- (പട്ടിക ജാതി)-പ്രൊജക്ട് നം.76/2018-19 |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി.ഇ.ഒ |
| അടങ്കൽ | തനത് ഫണ്ട്- 3,23,985/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-4,00000/-<br>ജില്ലാപഞ്ചായത്ത് വിഹിതം-76,015/-<br>ആകെ-8,00,000/- |
| ചെലവ് | 2,60,000/-<br>(2019-20-ൽ ചെലവില്ല) |

ലൈഫ് ഭവന പദ്ധതിയിൽ ഭവന നിർമ്മാണത്തിനായി 2018-19 വർഷം 31.10.2018--ന് ഒന്നാം ഗഡുവായി 40,000/-രൂപ കൈപ്പറ്റിയ ശ്രീമതി വിജി ഷൈജൻ,കുപ്പേപൊയിൽ എന്ന ഗുണഭോക്താവ് നാളിതുവരെ ഭവനത്തിന്റെ തറ നിർമ്മാണം പോലും പൂർത്തിയായിട്ടില്ല. ലൈഫ് ഭവനപദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.34/2018/തസ്വഭവ തീയതി 16.03.2018 പ്രകാരം ഗുണഭോക്താവ് ഒന്നാംഗഡു കൈപ്പറ്റിയ തീയതി മുതൽ 6മാസം കൊണ്ട് ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 20/2019-20/28.02.2022-ന് മറുപടി ലഭ്യമാക്കിയില്ല. സമൂഹത്തിന്റെ കൈതാങ്ങ് വളരെയധികം ആവശ്യമുള്ള ഈ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിൽ ഭരണസമിതിയുടെയും നിർവ്വഹണഉദ്യോഗസ്ഥന്റെയും ഭാഗത്തു നിന്ന് ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-35 വീട് വാസയോഗ്യമാക്കൽ പദ്ധതി(പട്ടിക ജാതി)-യിൽ ഒന്നാം ഗഡു നൽകിയ ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു നൽകിയത് രണ്ട് വർഷം കഴിഞ്ഞ്

| | |
|---|---|
| പ്രൊജക്ട് | വീട് വാസയോഗ്യമാക്കൽ പദ്ധതി- (പട്ടിക ജാതി)-<br>പ്രൊജക്ട് നം.140/2019-20 |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി.ഇ.ഒ |
| അടങ്കൽ | വികസന ഫണ്ട്( എസ്.സി.പി)- 4,50,000/-/- |
| ചെലവ് | നം.04/2091-20/14.10.2019-75,000/-<br>നം.03/2019-20/29.01.2020-45,523-/- |

ഈ പദ്ധതിയിൽ വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കുന്നതിന് ശ്രീമതി പ്രേമ ചെറുവാത്ത്, ശ്രീമതി ജാനു കുമാരൻ എന്നീ ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡു നൽകുന്നതിന് തയ്യാറാക്കിയ ബിൽ ക്യൂബിൽ ആയതിനെ തുടർന്ന് പദ്ധതി സ്പിൽ ഓവർ ആക്കി(പ്രൊജക്ട് നം.147/2020-21) 24.04.2020-ന് ഒന്നാം ഗഡു നൽകി. ഈ ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു നൽകിയത് രണ്ട് വർഷം കഴിഞ്ഞ് 2021-22-ൽ പ്രൊജക്ട്നം.20/2021-22 മുഖാന്തിരമാണ്. സമൂഹത്തിന്റെ കൈതാങ്ങ് വളരെയധികം ആവശ്യമുള്ള ഈ വിഭാഗത്തിന്റെ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കി കൊടുക്കുന്നതിലും ഗഡുക്കൾ അനുവദിക്കുന്നതിലും ഇത്രയധികം കാലതാമസം വന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തു നിന്നും വീഴ്ച്ച ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.14/2019-20/28.02.2022 ) മറുപടി ലഭ്യമാക്കിയില്ല. സമൂഹത്തിന്റെ പ്രത്യേക പരിഗണന അർഹിക്കുന്ന ഈ വിഭാഗത്തിന് അർഹമായ ആനുകൂല്യം നൽകുന്നതിൽ യാതൊരു കാലതാമസവും

ഉണ്ടാകാൻ പാടുള്ളതല്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-36 പൊതുമരാമത്ത് പ്രവർത്തി രൂപീകരണ-നിർവ്വഹണഘട്ടങ്ങളിലെ പൊതു അപാകതകൾ

1). ടെണ്ടർനടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല-കോടികണക്കിന് രൂപയുടെ ഫണ്ട് ലാപ്സാകുന്നു.

2018-19 മുതൽക്കുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 11.2 പ്രകാരം (സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭവ തീയതി 29.01.2018) ഓരോ നിർവ്വഹണഉദ്യോഗസ്ഥനും വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടു കൂടി ഒരു നിർവ്വഹണപരിപാടി തയ്യാറാക്കി സ്ഥാപനതലത്തിൽ അത് ക്രോഡീകരിച്ച് യാഥാർത്ഥ്യബോധത്തോടെയുള്ള നിർവ്വഹണ പദ്ധതി തയ്യാറാക്കണം. അപ്രകാരം നടക്കുന്നുണ്ടെന്ന് ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതാണ്.

സർക്കുലർനം. ഡി.എ1/222/2019/തസ്വഭവ തീയതി 10.07.2019 പ്രകാരം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിവിധ നടപടിക്രമങ്ങളുടെ സമയക്രമം വ്യക്തമാക്കിയിട്ടുണ്ട്. അത് പ്രകാരം ടെണ്ടർ നടപടിക്രമങ്ങൾ 2019 ജൂലായ് 22-നകം പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ അസി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ ടെണ്ടർ നടപടിക്രമങ്ങൾ തുടങ്ങിയത് തന്നെ 27.09.2019-ന് മാത്രമാണ്. തൻവർഷം അവസാനമായി ടെണ്ടർ വിളിച്ചത് 09.01.2020-നാണ്. തൻ വർഷം ടെണ്ടർ വിളിച്ച 46 പദ്ധതികളിൽ 15 എണ്ണത്തിന് മാത്രമേ കരാറുകാർ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളൂ. കൂടുതൽ പ്രവൃത്തികളും ഏറ്റെടുത്തിട്ടുള്ളത് ക്വട്ടേഷൻ വഴിയാണ്. 22 പ്രവൃത്തികൾ അപ്രകാരമാണ് കരാറുകാർ ഏറ്റെടുത്തിട്ടുള്ളത്. തൻവർഷം ഭൂരിഭാഗം പ്രവൃത്തികളും (34 എണ്ണം) ഏറ്റെടുത്തിട്ടുള്ളത് യു.എൽ.സി.സി ആണ്. തൻ വർഷം ഈ -ടെണ്ടർ നടത്തിയ 16 പദ്ധതികൾക്കും ആരും ടെണ്ടർ നൽകിയില്ല. ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച അസി.എൻജിനീയർ നിർവ്വഹണഉദ്യോഗസ്ഥനായ പകുതിയോളം പദ്ധതികൾ നടപ്പിലായില്ല. ചെലവ് വളരെ കുറവാണ് (30%). ആയതിനാൽ കോടികണക്കിന് രൂപയുടെ ഫണ്ട് ലാപ്സായി. ആയതിന്റെ വിശദാംശം താഴെകൊടുക്കുന്നു.

| പുതിയ പദ്ധതികൾ/ നടപ്പിലാക്കിയത് | സ്പിൽ ഓവർ പദ്ധതികൾ/ നടപ്പിലാക്കിയത് | ആകെ അടങ്കൽ | ആകെ ചെലവ് | ഫണ്ട് ലാപ്സായത് | സ്പിൽ ഓവർ പദ്ധതികളുടെ ചെലവ് |
|---|---|---|---|---|---|
| 40 /14 | 61/44 | 5,57,25,595 | 1,71,33,350 (30.74%)** 74,77,111/-രൂപയുടെ ബില്ലുകൾ ക്യൂബില്ലുകൾ ഇതിനു പുറമേയുണ്ട് | 3,85,92,245 (69.26 %) | 1,46,97,140(86%) |

ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പിന് ( നം. 12/2019-20 തീയതി 28.02.2022) മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയം 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 1-5,1-12 ഖണ്ഡികകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നുവെങ്കിലും 2019-20- ലും ഈ അപാകത ആവർത്തിച്ചുവെന്നത് ഓഡിറ്റ് ഗൗരവമായി കാണുന്നു. ടെണ്ടർ നടപടിക്രമങ്ങൾ യഥാസമയം പൂർത്തിയാക്കി യാഥാർത്ഥ്യ ബോധത്തോടെയുള്ള നിർവ്വഹണ പദ്ധതി തയ്യാറാക്കി അപ്രകാരം നടക്കുന്നുണ്ടെന്ന് ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥനും ഉറപ്പുവരുത്തി ഫണ്ട് ലാപ്സാകുന്നത് ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

1-37 പനയത്ത് തോട് നവീകരണം -തോട് സംരക്ഷണത്തിന് നടപടികൾ ഇല്ലാത്തതിനാൽ

ചെലവ് തുക പാഴ്ച്ചെലവായി മാറി

എ)

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പനയത്ത് തോട് നവീകരണം (പ്രോജക്ട് നം.200/2019-20) |
| അക്രഡിറ്റഡ് ഏജൻസിയുടെ പേര് | യു.എൽ.സി.സി |
| അടങ്കൽ തുക | ധനകാര്യകമ്മീഷൻ അവാർഡ്-5,68,830/-<br>തനത് ഫണ്ട്-4,31,170/- |
| ചെലവ് | 200/30.01.2020/4,93,294/-<br>241/25.02.2020/2,55,808/- |
| എം.ബുക്ക് നം | 188/19-20 |
| കരാർ | 6/2017-18/03.03.2018 |
| പൂർത്തീകരണ കാലയളവ് | ഒരു വർഷം |

ബി)

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പനയത്ത് തോട് നവീകരണം-ഒന്നാം റീച്ച് (പ്രോജക്ട് നം.276/2019-20) |
| അക്രഡിറ്റഡ് ഏജൻസിയുടെ പേര് | യു.എൽ.സി.സി |
| അടങ്കൽ തുക | തനത് ഫണ്ട്-11,50,000/- |
| ചെലവ് | 8,84,928/-( 2020-21-ൽ തനത് ഫണ്ട് മാറ്റി ധനകാര്യകമ്മീഷൻ അവാർഡ് ആക്കി തുക ചെലവഴിച്ചു) |
| എം.ബുക്ക് നം | 17/2019-20 |
| കരാർ | 16/2019-20/06.01.2020 |
| പൂർത്തീകരണ കാലയളവ് | 6 മാസം |

ഗ്രാമപഞ്ചായത്തിലെ 7,15 വാർഡുകളിലൂടെ കടന്നു പോകുന്ന പനയത്ത് തോട് നവീകരിച്ച് ജലനിർഗമനം ഉറപ്പാക്കി വെള്ളപ്പൊക്ക സാധ്യത തടയുക എന്ന ഉദ്ദേശത്തോടെ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിയ പദ്ധതിയാണിത്. ഒന്നാമത്തെ പദ്ധതിയുടെ ഭാഗമായി 93 മീറ്റർ നീളത്തിലും രണ്ടാമത്തെ പ്രവർത്തിയിൽ 111 മീറ്റർ നീളത്തിലും കല്ല് കെട്ടി കോൺക്രീറ്റ് ചെയ്ത് ചാൽ ഉണ്ടാക്കിയിട്ടുണ്ട്. 25.02.2022-ന് പഞ്ചായത്ത് അധികൃതരൊടൊപ്പം സ്ഥലപരിശോധന നടത്തി. പ്രൊജക്ടിൽ പരാമർശിച്ച പ്രകാരമുള്ള തോട് നിലവിൽ അവിടെയുള്ളതായി കാണാൻ കഴിഞ്ഞില്ല. പകരം പദ്ധതിയിൽ നിർമ്മിച്ച കോൺക്രീറ്റ് ചാലിനുള്ളിൽ ജലമൊഴുകുന്നതിനുള്ള സൗകര്യമില്ലാതെ തൊട്ടടുത്ത വീടുകളിൽ നിന്നും കടകളിൽ നിന്നുമുള്ള മാലിന്യവും മലിനജലവും കെട്ടികിടക്കുന്നതായി കണ്ടു.

പ്രവൃത്തി കഴിഞ്ഞുവരുന്ന ഭാഗത്ത് ഏതാണ്ട് 10 മീറ്ററോളം ഭാഗം മണ്ണിട്ട് നികത്തി ആളുകൾ നട വഴിയായി ഉപയോഗിച്ചു വരുന്നു. നിലവിൽ നടവഴിയും സ്വകാര്യവ്യക്തിയുടെ സ്ഥലവും ഒരേ നിരപ്പിലാണ്

കിടക്കുന്നത്. മണ്ണിട്ട തോട് നികത്തിയ സ്ഥലത്ത് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2020-21,പനയത്ത് തോട് നവീകരണം (വർക്ക് ഐ.ഡി-എഫ്.ആർ-363527) എന്ന ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. അവിടെ തോട് നവീകരണത്തിനായി തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത പ്രവൃത്തി ഏന്തെന്നും മനസ്സിലാകുന്നില്ല. വൻതുക മുടക്കി തോട് നവീകരണം നടത്തിയിട്ടും സ്വകാര്യവ്യക്തികൾ മണ്ണിട്ടും വീടുകളിലെയും കടകളിലെയും മാലിന്യം ഒഴുക്കി തോട് തന്നെ ഇല്ലാതാക്കിയത് വഴിയും തോടിന്റെ അവശേഷിക്കുന്ന ഭാഗങ്ങൾ മണ്ണിട്ട് നികത്തി കയ്യേറാൻ ഇടയായതുമെല്ലാം ചെലവ് തുക പാഴാക്കിയിരിക്കുകയാണ്. മാത്രവുമല്ല നിലവിൽ പ്രവൃത്തി നടന്ന കോൺക്രീറ്റ് ചാലിന് ഏതാണ്ട് ഒരു മീറ്റർ വീതിയുണ്ടെന്നിരിക്കെ,ആയതിന് ശേഷം മണ്ണിട്ട നികത്തിയ സ്ഥലം കഴിഞ്ഞു വരുന്ന ഭാഗത്തെ പഴയ കരിങ്കൽ കെട്ടിന്റെ ഉൾവശത്തിന് ഏതാണ്ട് 50 സെ.മീറ്ററേ വീതിയുള്ളൂ. ഇതിൽ നിന്നും അവശേഷിക്കുന്ന തോട് സ്വകാര്യവ്യക്തികൾ കയ്യേറ്റം നടത്തിയെന്ന് വ്യക്തമാണ്. തോടിന്റെ സ്ഥലം സ്വകാര്യവ്യക്തികൾ കൈയ്യേറിയിട്ടുണ്ടെങ്കിൽ പരിശോധിച്ച് നടപടിയെടുക്കേണ്ടതും തോടിന്റെ ഒഴുക്കിന് തടസ്സം വരുത്തുന്ന കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് തോട് സംരക്ഷണ നടപടികൾ ത്വരിതപ്പെടുത്തി അറിയിക്കേണ്ടതാണ്.

2)പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാത്തതിന് നിയമാനുസൃത പിഴ ഈടാക്കിയില്ല

ഒന്നാമത്തെ പ്രവൃത്തി ഏറ്റെടുത്ത യു.എൽ.സി.സി-പഞ്ചായത്തുമായി ഒപ്പുവെച്ച കരാർ പ്രകാരം 02.03.2019-നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണെങ്കിലും 05.02.2020-നാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ നിയമാനുസൃതമായ അനുവാദം നേടുകയോ ചെയ്തിട്ടില്ല. എന്നാൽ പിഴ ഈടാക്കാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് കരാർ തുകയുടെ ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു

| പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | പൂർത്തി യാക്കിയ തീയതി | അധിക കാലാവധിയുടെ 20% കിഴിച്ച ശേഷമുള്ള അധിക കാലയളവ് (18.05.18 മുതൽ 05.02.2020 വരെ) | കരാർ തുക (രൂ.) | ഈടാ ക്കേണ്ട പിഴ (ആദ്യത്തെ മൂന്ന് മാസത്തിന് കരാർ തുകയുടെ 1%,പിന്നീട് മൂന്ന് മാസത്തിനും 2 %) |
|---|---|---|---|---|
| 02.03.2019 | 05.02.2020 | 8മാസം , 18 ദിവസം | 9,93,832/- | 29815/-രൂപ |

അന്വേഷണക്കുറിപ്പ് നം.19/02.03.2022-ന് മറുപടി സമർപ്പിച്ചിട്ടില്ല. ബിൽ തുക അനുവദിച്ചപ്പോൾ

പിഴത്തുക ഈടാക്കാത്തതിന് വിശദീകരണം നൽകുന്നതിനോടൊപ്പം കരാറുകാരനിൽ നിന്നും പിഴ ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-38 തനത് ഫണ്ട് വകയിരുത്തി അംഗീകാരം നേടിയ പ്രൊജക്ടുകളിൽ തനത് ഫണ്ടിനു പകരം മറ്റ് ഫണ്ടുകൾ ചെലവഴിക്കുന്നു. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

സ.ഉ(കൈ)നം.11/2018/തസ്വഭവ തീയതി 29.01.2018 ഖണ്ഡിക 5.1(5) പ്രകാരം തനത് ഫണ്ട് വകയിരുത്തി അംഗീകാരം നേടിയ പ്രൊജക്ടുകളിൽ തനത് ഫണ്ടിനുപകരം മറ്റ് സ്രോതസ്സുകൾ വകയിരുത്തുന്ന രീതിയിൽ ഭേദഗതി ചെയ്യാൻ പാടില്ല. അപ്രകാരമുള്ള പ്രൊജക്ട് ഭേദഗതികൾ ജില്ലാ ആസൂത്രണസമിതി അംഗീകരിക്കുവാനും പാടില്ല. എന്നാൽ ഇതിനു വിരുദ്ധമായി , 2019-20-ൽ തനത് ഫണ്ട് വകയിരുത്തി അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ 2020-21 -ൽ സ്പിൽ ഓവർ ആയി മാറ്റിയപ്പോൾ വിഭവസ്രോതസ്സ് തനത് ഫണ്ട് മാറ്റി മറ്റ് ഫണ്ടുകളാക്കി നടപ്പിലാക്കുകയാണ് ചെയ്തത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | 2019-20ലെ പ്രൊജക്ട്/ തനത് ഫണ്ട് വകയിരുത്തൽ | 2020-21ലെ പ്രൊജക്ട് |
|---|---|---|
| 1 | വീട് വാസയോഗ്യ മാക്കൽ(ജനറൽ)- പ്രൊജക്ട് നം.08/2019-20 /26,96,533/- | വീട് വാസയോഗ്യമാക്കൽ(ജനറൽ)- പ്രൊജക്ട് നം.188/2020-21/വികസന ഫണ്ട് ജനറൽ- 17,00000/-രൂപ വകയിരുത്തി-13,50,000/- ചെലവഴിച്ചു. |
| 2 | പനയത്ത് താഴ തോട് നവീകരണം-ഒന്നാം റീച്ച്(പ്രൊജക്ട് നം.276/2019-20 /11,50,000/- | പനയത്ത് താഴ തോട് നവീകരണം-ഒന്നാം റീച്ച്(പ്രൊജക്ട് നം.217/2020-21/11,50,000/- ധനകാര്യകമ്മീഷൻ അവാർഡ് വകയിരുത്തി അതിൽ നിന്നും 884928/-രൂപചെലവഴിച്ചു. |

ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.16/2019-20/28.02.2022) മറുപടി ലഭ്യമാക്കിയില്ല. തനത് ഫണ്ടിനു പകരം വകമാറ്റി ചെലവഴിച്ച വികസന ഫണ്ടും ധനകാര്യകമ്മീഷൻ അവാർഡും തനത് ഫണ്ടിൽനിന്നും തിരികെ സഞ്ചിത നിധിയിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-39 അടിയന്തിര പ്രാധാന്യമുള്ള പദ്ധതികൾ-വർഷങ്ങൾ കഴിഞ്ഞിട്ടും ടെണ്ടർ നടപടികൾ പോലും പൂർത്തിയായില്ല.

1) സംയുക്ത പ്രൊജക്ടുക ൾ

ഏറാമല ഗ്രാമപഞ്ചായത്തിൽ വിവിധ സംയുക്ത പ്രൊജക്ടുകൾക്കായി ഫണ്ട് ലഭിച്ച് വർഷങ്ങളായിട്ടും ടെണ്ടർ നടപടികൾ പോലും പൂർത്തിയായില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | പ്രവർത്തിയുടെ പേര് | ലഭിച്ച ഫണ്ടിന്റെ വിശദാംശം |
|---|---|---|
| 1 | സീനിയർ സിറ്റീസൺ റിക്രിയേഷൻ ക്ലബ്ബ് നിർമ്മാണം(234/2019-20) | ജില്ലാപഞ്ചായത്ത് ഫണ്ട്- 8,48,650/-രൂപ(31.03.2017) |
| 2 | കംഫർട്ട് സ്റ്റേഷൻ | ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്- |

| | | |
|---|---|---|
| | നിർമ്മാണം(213/2019-20) | 14,00000/- 23.10.2018 |
| 3 | ടാക്സിസ്റ്റാൻഡ് ശുചിമുറി ബ്ലോക്ക് നിർമ്മാണം(214/2019-20) | ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്-7,00000/-01.01.2019 |
| 4 | ബഡ്സ് സ്കൂൾ നിർമ്മാണം | 1000000/-ജില്ലാപഞ്ചായത്ത് ഫണ്ട്-05.03.2018 |

മേൽ പരാമർശിച്ച ആദ്യ മൂന്ന് പ്രവർത്തികൾ കരാറുകാർ ഏറ്റെടുക്കാത്തതിനെ തുടർന്ന് 08.11.2021 -ലെ 194(5) ഭരണസമിതി തീരുമാന പ്രകാരം പ്രവൃത്തി യു.എൽ.സി.സി-യെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നാലാമത്തെ പ്രവർത്തിയായ ബഡ്സ് സ്കൂൾ നിർമ്മാണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുമില്ല. സ.ഉ(പി)നം.07/2017/fin തീയതി 23.01.2017 പ്രകാരം സംയുക്ത പ്രൊജക്ടുകളുടെ പ്രവർത്തന പുരോഗതി ഫെബ്രുവരി അവസാനം വിലയിരുത്തേണ്ടതും ചെലവഴിക്കാത്ത തുക തിരികെ അടവാക്കേണ്ടതുമാണ്.

സമൂഹത്തിന്റെ സവിശേഷ പരിഗണന അർഹിക്കുന്ന ഭിന്നശേഷികുട്ടികളുടെ സമഗ്രവികസനത്തിന് സ.ഉ (എം.എസ്) 20/2018/തസ്വഭവ തീയതി 07.02.2018 പ്രകാരമുള്ള എല്ലാ വിധ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ സ്കൂൾ സ്ഥാപിക്കേണ്ടത് പഞ്ചായത്തിന്റെ പ്രഥമ കടമയാണ്. നിലവിൽ പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള വാടക കെട്ടിടത്തിലാണ് ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നത്.

സമൂഹത്തിന്റെ പ്രത്യേക പരിഗണന ലഭിക്കേണ്ട വയോജനങ്ങൾക്കായുള്ള റിക്രിയേഷൻ ക്ലബ്ബും നാളിതുവരെ നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. ജനങ്ങൾക്ക് വളരെയധികം ഉപകാരപ്പെടുന്ന ടാക്സിസ്റ്റാൻഡ് ശുചി മുറി ബ്ലോക്ക് പ്രവൃത്തിയും വർഷങ്ങളായി നടപ്പിലാക്കാത്തത് ശരിയല്ല. ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 10/2019-20 തീയതി 28.02.2022-ന് മറുപടി ലഭ്യമാക്കിയില്ല. ജില്ലാ-ബ്ളോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച തുക നഷ്ടപ്പെടുത്താതെ ഈ പദ്ധതികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2) തനത് ഫണ്ട് വകയിരുത്തിയ രണ്ട് പദ്ധതികളുടെയും ടെണ്ടർ നടപടികൾപോലും പൂർത്തിയായില്ല

| ക്രമനം | പ്രൊജക്ടിന്റെ വിശദാംശങ്ങൾ |
|---|---|
| 1 | വാഴയിൽ കുടിവെള്ള പദ്ധതി(217/2019-20)-500000/- രൂപ |
| 2 | കുറിഞ്ഞാലിയോട് സബ്സെന്റർ നിർമ്മാണം(211/2019-20)-23,50,000/- |

മേൽ പദ്ധതികൾക്കായി വർഷങ്ങളായി തനത് ഫണ്ടിൽ നിന്ന് തുക വകയിരുത്തുന്നുണ്ടെങ്കിലും നാളിതുവരെയായി ടെണ്ടർ നടപടികൾ പോലും പൂർത്തിയായിട്ടില്ല. ജനങ്ങൾക്ക് വളരെയധികം ഉപകാരപ്പെടുന്ന ഈ പ്രവൃത്തികളും അടിയന്തിരമായി നടപ്പിലാക്കുന്നതിൽ ഭരണ സമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു. പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-40 കരാറിലേർപ്പെട്ട് വർഷങ്ങളായിട്ടും പ്രവർത്തി തുടങ്ങാത്തതിന് നടപടിയെടുത്തില്ല

ഏറാമല ഗ്രാമപഞ്ചായത്തിൽ വിവിധ നിർമ്മാണ പ്രവൃത്തികൾക്കായി കരാറിലേർപ്പെട്ട് വർഷങ്ങളായിട്ടും പ്രവൃത്തി തുടങ്ങിയില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | കരാറിലേർപ്പെട്ടതിന്റെ വിശദാംശം |
|---|---|---|---|
| 1 | മാവത്ത് മുക്ക് ഫുട്പാത്ത്/ | പി.ടി.കെ രാജീവൻ | 29/2019-20/28.01.2020 (പൂർത്തീകരണകാലാവധി |

| | | | |
|---|---|---|---|
| | 800000/ തനത് ഫണ്ട് | | 6 മാസം) |
| 2 | മഹാത്മ ഗ്രന്ഥാലയം അറ്റകുറ്റപണി/ 579200/മെയിന്റിനൻസ് ഗ്രാന്റ് | " | 28.01.2020 (പൂർത്തീകരണ കാലാവധി 6 മാസം) 2021-22-ൽ പദ്ധതി ഉപേക്ഷിച്ചു. |
| 3 | ഓർക്കാട്ടേരി എൽ.പി.സ്കൂൾ റോഡ് ടാറിംഗ്/ 1000000/തനത് ഫണ്ട് | യു.എൽ.സി.സി | 11/2020-21 /02.11.2020(പൂർത്തീകരണ കാലാവധി 6 മാസം) |

മേൽ പരാമർശിച്ച പ്രവൃത്തികൾ കരാറുകാർ ഏറ്റെടുത്ത് വർഷങ്ങളായിട്ടും നാളിതുവരെയായിട്ടും പ്രവർത്തി നടത്തിയിട്ടില്ല. എന്നാൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിന് 2012-ലെ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2116.2 പ്രകാരമുള്ള നിയമാനുസൃത നടപടികളൊന്നും സ്വീകരിച്ചതായി ഫയൽ പരിശോധിച്ചതിൽ കാണുന്നില്ല. ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 11/2019-20 തീയതി 28.02.2022-ന് മറുപടി ലഭ്യമാക്കിയില്ല. മേൽ ചട്ടപ്രകാരം ഈ പ്രവൃത്തികൾ മറ്റു വിധത്തിൽ കരാറുകാരന്റെ ഉത്തരവാദിത്വത്തിലും ചെലവിലും പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കി മാറ്റുന്നതിന് ലഭിച്ച തുക വിനിയോഗിച്ചില്ല

| | |
|---|---|
| പ്രൊജക്ട് | വീട് വാസയോഗ്യമാക്കൽ(ജനറൽ)- പ്രൊജക്ട് നം.08/2019-20 |
| നിർവ്വഹണഉദ്യോഗസ്ഥ | വി.ഇ.ഒ |
| ചെലവ് | വികസന ഫണ്ട്(ജനറൽ)-13,03,467/-<br>തനത് ഫണ്ട്-8,46,533/-<br>1/2019-20/23.09.2019-50,000/-<br>2/2019-20/14.10.2019-2,50,000/-<br>3/2019-20/14.10.2019-1,00,000/-<br>5/2019-20/26.10.2019-2,00,000/-<br>6/2019-20/12.11.2019-2,00,000/-<br>7/2019-20/20.12.2019-5,03,467/-<br>ചെക്ക്.നം.5018130/29.01.2020-1,50,000/- |

| | |
|---|---|
| | ചെക്ക്.നം.5018135/01.02.2020-1,96,533/-<br>ചെക്ക്.നം.5018151/28.02.2020-3,00000/-<br>ചെക്ക്.നം.5018153/30.03.2020-2,00000/-<br>ആകെ-21,50,000/- |

വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കി മാറ്റുന്നതിന് ഒന്നാം ഗഡുവായി 50,000/- രൂപ 07.01.2020-ന് കൈപ്പറ്റിയ ശ്രീ. സുനിൽകുമാർ, കൊടലിൽ എന്ന ഗുണഭോക്താവ് (വാർഡ് -4,വീട്ട് നമ്പർ 4/331) നാളിതുവരെ രണ്ടാം ഗഡു കൈപ്പറ്റാത്തത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 25.02.2022 -ന് പഞ്ചായത്ത് അധികൃതരൊടൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ അദ്ദേഹം ഈ തുക ഈ ആവശ്യത്തിന് ഉപയോഗിക്കാതെ പകരം ആ ഭവനം പൊളിച്ച് പുതിയ വീട് നിർമ്മിച്ചു കൊണ്ടിരിക്കുന്നതായി കണ്ടു. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.7(6) പ്രകാരം സ.ഉ (കൈ) നം.22/2018/തസ്വഭവ തീയതി 14.02.2018) വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കി മാറ്റുന്നതിന് ലഭിച്ച തുക ആ ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ. ആയതിനാൽ പദ്ധതിയിൽ ലഭിച്ച തുക നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗിക്കാത്തത് സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.3 പ്രകാരം സബ്ഡിഡി മാനദണ്ഡങ്ങളുടെ ലംഘനവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവ്യയവുമാണ്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.17/2019-20/28.02.2022-ന് മറുപടി ലഭ്യമാക്കിയില്ല. ഫണ്ട് യഥാവിധി വിനിയോഗിക്കാത്തത് നാളിതുവരെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടാതിരുന്നതിന് വീഴ്ചയാണ്. ജി.ഒ(പി) 419/2011/ധനം തീയതി 04.10.2011 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 18% പലിശ നിരക്കിൽ തിരികെ സഞ്ചിത നിധിയിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതിന്റെ വിശദാംശം താഴെകൊടുക്കുന്നു.

07.01.2020 മുതൽ 28.02.2022 വരെ 783 ദിവസത്തേക്ക് ഈടാക്കേണ്ട പലിശ

=50000 X 18/100 X 783/365=19,307/-

ആയതിനാൽ മുതൽ സഹിതം ആകെ ഈടാക്കേണ്ട തുക= 50,000+19307=69,307/-.
തുക ഈടാക്കി തിരികെ സഞ്ചിത നിധിയിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ചതിയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/ തിയ്യതി |
|---|---|---|
| 2019-20 | 22.2.22 മുതൽ 02.03.22 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെട്ടുവിച്ചു |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 2697961 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 2697961 | 0 |

| | | | | | |
|---|---|---|---|---|---|
| ,, | 20-21 | 100000 | ലൈഫ് ഭവനപദ്ധതി (എസ്.സി) | 100000 | 0 |
| ,, | 20-21 | 100000 | അംഗൻവാടി ന്യൂട്രീഷ്യൻ പ്രോജക്റ്റ് | 100000 | 0 |
| " | 20-21 | 42447 | അംഗൻവാടി ശിശു സൗഹൃദ പെയിന്റിംഗ് | 42447 | 0 |
| ,, | 20-21 | 250000 | ഭിന്നശേഷി സ്കോളർഷിപ്പ് | 250000 | 0 |
| ,, | 20-21 | 600000 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 600000 | 0 |
| ,, | 20-21 | 417432 | വനിത ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 417432 | 0 |
| ജില്ലാ പഞ്ചായത്ത് | 20-21 | 400000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 400000 | 0 |

4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ, വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| മത്സ്യ മാർക്കറ്റ് കം ഷോപ്പിംഗ് | സ.ഉ- 2830/14 തസ്വഭവ 31/10/14 | 1921518 | 5431638 | 1195540 | - | 6157616 |

| | | | | | | |
|---|---|---|---|---|---|---|
| കോംപ്ലക്സ് | | | | | | |
| ലൈഫ് ഭവന പദ്ധതി | സ.ഉ (എം.എസ്) 68/2018. ത.സ്വ.ഭ.വ തീയതി- 18/08/2018 | 560000 | 11386590 | 500000 | - | 11446590 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 3158725 |
| തൻവർഷം നിക്ഷേപിച്ച തുക | 253841 |
| ആകെ | 3412566 |
| തൻവർഷം പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3412566 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിശദവിവരം

| നിക്ഷേപത്തിന്റെ വിവരം | |
|---|---|
| 1.Acc.No. 100181806120051 KDC BANK | 341576 |
| 2.Acc.No. 100181806120052 KDC BANK | 2249775 |
| 3.Acc.No. 100181806120051 KDC BANK | 326186 |
| 4.Acc.No. 103010096843 | 495029 |
| ആകെ | 3412566 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഏറാമല ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ്

നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 7 | 2004-05 | 11.4.1 | തൊഴിൽ പരിശീലന പദ്ധതികൾ പരാജയപ്പെട്ടു | |
| 2000-01 (ഡി.സി.ബി) | ഭാഗം 1 | 2005-06 | 2.70.1.6.3 | ബജറ്റ് തയ്യാറാക്കുന്നതിലും അംഗീകരിക്കുന്നതിലും വീഴ്ച | |
| 2000-01 | 3-8 | 2005-06 | 2.70.1.9.12 | കർഷകതൊഴിലാളി പെൻഷൻ | ഒഴിവാക്കാൻ ശുപാർശ |
| 2000-01 | ഭാഗം 1 | 2005-06 | 2.70.1.11.12 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | ഒഴിവാക്കാൻ ശുപാർശ |
| 2000-01 | 2-2 | 2005-06 | 2.70.1.11.12 | മുദ്രപത്രത്തിൽ കരാർ ചമയ്ക്കാതെ മുറി വാടകയ്ക്ക് നൽകി | ഒഴിവാക്കാൻ ശുപാർശ |
| 2000-01 | | 2005-06 | 2.70.1.14.21 | നികുതി പിരിക്കുന്നതിൽ അലംഭാവം | ഒഴിവാക്കാൻ ശുപാർശ |
| 2009-10 | 3-9 | 2012-13 | 4.7.1 | ആസൂത്രണത്തിലെ പിഴവ് – കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം നിലച്ചു | നിർമ്മാണം പൂർത്താക്കിത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ ശുപാർശ |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 96831494.53 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72201250 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 69307 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 304480 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 69307 | പ്രത്യുഷ രാജ്, വി.ഇ.ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26(3) | 304480 | ശ്രീമതി. അഞ്ജന രാജേന്ദ്രൻ, കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-31 | 69307 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും,പേരും ഉദ്യോഗപ്പേരും

| | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അഞ്ജന രാജേന്ദ്രൻ, കൃഷി | കൃഷി ഓഫീസർ, ഏറാമല ഗ്രാമ | കല്ലുള്ള പറമ്പത്ത്, മയ്യന്നൂർ പി.ഒ -673542 |

| | | |
|---|---|---|
| ഓഫീസർ | പഞ്ചായത്ത് | |
| ശ്രീമതി. പ്രത്യുഷ രാജ്, വി.ഇ.ഒ | വി.ഇ.ഒ, എടച്ചേരി ഗ്രാമ പഞ്ചായത്ത് | നന്ദനം, രയരങ്ങോത്ത്, മടപ്പള്ളി കോളേജ് പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1998-99 (ചെലവ്) | കെ.എസ്.എ.കെ.കെ.ഡി/പി9 /1626/2019(1) തീ- 01.12.2020 | 1 | 43 |
| 1999-00 (ചെലവ്) | കെ.എസ്.എ.കെ.കെ.ഡി/പി9 /1626/2019(2) തീ- 01.12.2020 | 2 | 5,7 |
| 1999-00 (വരവ്) | കെ.എസ്.എ.കെ.കെ.ഡി/പി9 /1626/2019(3) തീ- 01.12.2020 | 1 | 27 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി5/1347/15 തീ-04.08.15 | 5 | 5, 6(1), (2), 7(1), 7(2) |
| 2001-02 (പ്ലാൻ ഒഴികെ) | കെ.എസ്.എ.കെ.കെ.ഡി.പി5/135/15 തീ.27.04.17 | 2 | 2-3, 3-2 |
| 2001-02 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി/പി9 /1626/2019(5) തീ- 01.12.2020 | 2 | 7, 9 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി/പി9 /1626/2019(6) തീ- 01.12.2020 | 3 | 3-2,3-7,3-8 |

| | | | |
|---|---|---|---|
| 2003-04 | കെ.എസ്.എ.കെ.കെ.ഡി/പി9 /1626/2019(7) തീ- 01.12.2020 | 4 | 3-1, 3-2, 3-3, 3-4 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.എസ്1/1151/ 07തീ-27.9.08 | 8 | 3-1, 3-2, 3-3, 3-4, 3-5, 3-6, 3-8, 3-9 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി/പി9 /1626/2019(8) തീ- 01.12.2020 | 8 | 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി/പി9 /1626/2019(9) തീ- 01.12.2020 | 17 | 2-2, 2-4, 2-5, 2-6, 3-1, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-22, 3-23 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി/പി9 /1626/2019(10) തീ- 01.12.2020 | 11 | 2-1, 2-3, 3-1, 3-3, 3-5, 3-6, 3-9, 3-16, 3-21, 3-22, 4-7 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി/പി9 /1626/2019(11) തീ- 01.12.2020 | 11 | 2-1,3-2,3-6,3-9,3-10,3-11,3-12, 3-13,3-14,3-15, 4-7 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി/പി9 /1626/2019(12) തീ- 01.12.2020 | 10 | 2-6, 3-4, 3-5, 3-6,3-7, 3-8(2,3),3-9,3-14, 3-15, 3-19 |
| 2010-11, 2011-12 | കെ.എസ്.എ.കെ.കെ.ഡി/പി9 /1626/2019(13) തീ- 01.12.2020 | 13 | 3-1, 3-2, 3-3, 3-4, 3-5, 3-6,3-7,3-8, 3-9, 3-14, 3-20, 3-21, 3-23 |
| 2012-13, 2013-14 | കെ.എസ്.എ.കെ.കെ.ഡി/പി9 /1626/2019(14) തീ- 01.12.2020 | 3 | 3-8, 3-10, 3-13 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി3 /1146/2021 തീ- 01.12.2021 | 13 | 2-2, 2-3, 2-4, 3-1, 3-2(1), (2), (4),3-4(1), (2), (3), 3-5, 3-6, 3-9,3-10, 3-11, 4-2,4-9 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി5/2017/16 തീ-01.06.17 | 16 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7,2-8, 2-9, 3-1, 3-2, 3-3(1), 3-3(2), 3-4, 3-5, 4-9 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി9 /1626/2019(15) തീ- 01.12.2020 | 21 | 2-1,2-2,2-3(3),2-4,2-6,2-7, 2-8,2-9,2-10, 3-2, 3-5, 3-6, 3-7, 3-8,3-11, 3-12, 3-13,3-14, 3-15, 3-16(1), 3-16(2) |
| 2017 – 18 | കെ.എസ്.എ.കെ.കെ.ഡി/പി5 /41/2019 തീ- 03.07.2019 | 15 | 1-12, 2-1, 2-2, 2-3, 2-4(1,4,5,6,7), 3-1,3-2,3-3,3-4,3-5,3-6, 3-7,3-8,3-10,4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി9 /872/2020 തീ- 18.09.2020 | 28 | 1-5,1-6,1-7,1-8,1-9,1-10, 1-11,1-12,1-13,1-14,1-15, 1-16,1-17,1-18,1-19, 1-20,1-21,1-22,1-23, 1-24,1-25,1-26, 1-27,1-28,1-29,1-30, 1-31,1-32 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്